# മാനന്തവാടി രൂപതാ ബുള്ളറ്റിൻ


**“ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും” (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 02 സെപ്റ്റംബർ-2011 ലക്കം 09**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ആദരാഞ്ജലികൾ



**ദിവംഗതനായ വരാപ്പുഴ അതിരൂപതയുടെ**
**മുൻ ആർച്ച്ബിഷപ്**

## ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിന്

**മാനന്തവാടി രൂപതയുടെ**
**ആദരാഞ്ജലികൾ**

# ഉള്ളടക്കം


രൂപതാകച്ചേരി വാർത്തകൾ .................................... 03
പ്രേഷിതവർഷം ........................................................ 08
മതബോധനരംഗം ...................................................... 12
ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ 15
ചെറുപുഷ്പമിഷൻലീഗ് .............................................. 16
കെ. സി. വൈ. എം. ................................................... 22
കുടുംബപ്രേഷിതത്വം ................................................ 29
സിയോൻ വാർത്തകൾ .............................................. 34
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 38
ജയിൽ മിനിസ്ട്രി ..................................................... 43
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........................... 44
സാമൂഹ്യസേവനരംഗം .......................................... 46
റേഡിയോ മാറ്റൊലി .......................................... 51
മീഡിയാ കമ്മീഷൻ ................................................ 53
അറിയിപ്പുകൾ ............................................................ 55
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 56
ബിഷപ്സ് പ്രോഗ്രാം ...................................... 57

# രൂപതാകച്ചേരി വാർത്തകൾ

**പ്രേഷിതവർഷ പിരിവ് സെപ്റ്റംബർ 4**

സീറോ മലബാർ സഭയുടെ മെത്രാൻ സിനഡ് പ്രഖ്യാപിച്ച പ്രേഷിതവർഷാചരണം നമ്മുടെ രൂപതയിലും, ഇടവകകളിലും സമുചിതമായി സമാരംഭിച്ചിരിക്കുകയാണല്ലോ. സിനഡിന്റെ തന്നെ നിർദ്ദേശമനുസരിച്ച് സെപ്റ്റംബർ നാലാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കുകയും, ലഭിക്കുന്ന തുക കാക്കനാടുള്ള സഭാകേന്ദ്രത്തിലേയ്ക്ക് അയച്ചു കൊടുക്കാനായി കാലതാമസം കൂടാതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ ബഹു. വൈദീകരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**ബഹു. വൈദീകരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദീകരുടെ വാർഷിക ധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 18 മുതൽ 23 വരെയും 25 മുതൽ 30 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. റവ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദീകർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2010 സെപ്റ്റംബർ മുതൽ 2011 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. ധ്യാനദിവസങ്ങളിൽ രൂപതാ കൂരിയ അവധിയായിരിക്കും.

# ANNUAL RETREAT FOR PRIESTS

## I[st] Batch - 2011 September 18 Sunday to 23 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1. | Aikkarathazhath Joseph | 19. | Kassamkuttiyil Sebastian |
| 2. | Chakiyath Xavier | 20. | Kattarath Mathew |
| 3. | Chettaniyil Thomas | 21. | Kattuthuruthiyil Thomas |
| 4. | Chettiyassery Joseph | 22. | Kazhuthadiyil Mathew |
| 5. | Edayakondattu Paul | 23. | Kizhakkumpuram George |
| 6. | Elavunkal Johny | 24. | Kocharackal Jose |
| 7. | Elayidathu Mani | 25. | Kochuparackal Kurian |
| 8. | Elemkunnel Sebastian | 26. | Koipuram Sebastian |
| 9. | Kakkonal Manoj | 27. | Kokkandathil John |
| 10. | Kalambukattu Joseph | 28. | Kollarthottam Mathew |
| 11. | Kalappura Jose | 29. | Koottala Paul |
| 12. | Kalappura Vincent | 30. | Korattiparambil Vincent |
| 13. | Kallumkathara Agustine | 31. | Kottackal Stephen |
| 14. | Kallupura Johny | 32. | Kottayil Joseph |
| 15. | Kaniamattam Joseph | 33. | Kulirany Jose |
| 16. | Kappiarumalayil John | 34. | Kumbakeel Kuriakose |
| 17. | Kappiarumalayil Jose | 35. | Kuzhikandathil Joseph |
| 18. | Karuthedath Mathew | 36. | Madapallikunnel Mathew |

37. Madathil Abraham
38. Madathinakam Leopold
39. Malayil Mathew
40. Manchuvally Joseph
41. Mannoor Thomas
42. Mavara Stanislaus
43. Memana Joseph
44. Meppurath Chacko
45. Moloparambil Jose
46. Mulavelikunnel Jacob
47. Mundackamattam Jose
48. Mundolickal Paul
49. Munjanattu Mathew
50. Nadukunnel Abraham
51. Nanthikatt Joseph
52. Narikuzhy Jacob
53. Nechikatt Joseph
54. Nellickal Abraham
55. Onampally Jerry
56. Ousepparampil Joseph
57. Padinjarayil Mathew
58. Paikkatt Mathew
59. Pakkanikuzhiyil Vinod
60. Pallichankudiyil Mathai
61. Parambil Kuriakose
62. Parunthanolil Thomas
63. Paruvummel Joseph
64. Peedikappara James
65. Perumattikunnel John
66. Perumattikunnel Mathew
67. Plassanal Thomas
68. Ponthottiyil Thomas
69. Poothakkuzhy Jacob
70. Poovathinkal Peter
71. Pullamkunnel Joy
72. Pullankunnel Chacko
73. Pulpayil Joseph
74. Punakkatt Chandy
75. Punnakkapadavil Sebastian
76. Puthanapra Kurian
77. Puthenpura Augustine
78. Puthenpurackal Mathew
79. Thamarasseril Vincent
80. Thanniyil Augustine
81. Thayyil Jose
82. Thekkepera Mathew
83. Thondiparambil Sebastian
84. Thykunnumpuram Thomas
85. Urumbil Joseph
86. Vadayaparambil Sony
87. Vadayaparambil Jose
88. Valloppilly Joseph
89. Vathelil Abraham
90. Vattukunnel Issac
91. Vazhachalil Thomas
92. Vazhakatt Joseph
93. Vazhakkala Chacko

## RELIGIOUS PRIESTS

1. Ambathadam Antony VC
2. Chakkalayil Mathew CST
3. Chalil Mathew CMI
4. Chembukettickal Jose O.Praem
5. Kokkandathil Jose MSFS
6. Mullasseril Joy CSs R
7. Njallampuzha Francis CMI
8. Parakattukuzhiyil Chacko CMI
9. Ponnambel Joseph TOR
10. Poovakulath Jose SAC
11. Purathayil James CST
12. Thanniyil Varkey CMF
13. Thottumkara Manoj O.Praem

## II[nd] Batch - 2011 September 25 Sunday to 30 Friday

| SN | Rev.Frs. Housename &Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1. | Alukka George | 32. | Kuttimakkal James |
| 2. | Ambalathinkal Sebastian | 33. | Mampallil Anto |
| 3. | Chakkittakudiyil James | 34. | Mampallil George |
| 4. | Chakkittukudy Jose | 35. | Manakkattumattam Paul |
| 5. | Changanamthundathil George | 36. | Manakkunnel Thomas |
| 6. | Chelackapallil Thomas | 37. | Mangalathil Thomas |
| 7. | Chembakkara James | 38. | Mankottil James |
| 8. | Chempalayil Augustine | 39. | Maplassery Lukose |
| 9. | Chittoor Joseph | 40. | Mattam Gervasis |
| 10. | Choorapuzhayil John | 41. | Mecheril Joseph |
| 11. | Chozhenparambil John | 42. | Memana George |
| 12. | Edakkudiyil Mathew | 43. | Moolayil George |
| 13. | Elavanappara Sebastian | 44. | Moonnanal Justin |
| 14. | Kachirayil Thomas | 45. | Moothedath Mathew |
| 15. | Kakkattikalayil Sebastian | 46. | Moothedath Thomas |
| 16. | Kalappura Alex | 47. | Mukkattukavunkal Thomas |
| 17. | Karukapally Joseph | 48. | Mulakudiyankal Varghese |
| 18. | Kavumkal Joseph | 49. | Mundackal Jose |
| 19. | Keezheth Sebastian | 50. | Muthanikkattu Justin |
| 20. | Kizhakkanputhupally John | 51. | Muthirakalayil Joseph |
| 21. | Kochuparackal Mathew | 52. | Muthukathaniyil Varghese |
| 22. | Korandiyarkunnel Paul | 53. | Muthukattil Shantidas |
| 23. | Kottaram Jose | 54. | Myladoor George |
| 24. | Koyikattil Thomas | 55. | Nedumkallel Joseph |
| 25. | Kulathinal James | 56. | Nellikunnel Francis |
| 26. | Kumbukal James | 57. | Nilackappillil Augustine |
| 27. | Kunnath Johny | 58. | Olickal Thomas |
| 28. | Kunnath Kuriakose | 59. | Ottaplackal Thomas |
| 29. | Kunnathett James | 60. | Padinjarayil George |
| 30. | Kuthukallunkal Francis | 61. | Painumkal Kuriakose |
| 31. | Kuttikattukunnel Thomas | 62. | Palackeel Sebastian |

63. Palakatt Augustine
64. Palath Joseph
65. Palathadathil George
66. Parayil Sebastian
67. Pariyappanal Thomas
68. Periappuram Mathew
69. Perumattikunnel Thomas
70. Pinakkat Joseph
71. Pudussery Vincent
72. Pudussery Martin
73. Pulinthanam Jose
74. Punchayil Lucka
75. Puthenpura John
76. Puthenpurayil Joseph
77. Puthukulangara Thomas
78. Puthukulathil John
79. Thekkanady Jose
80. Therakam Thomas Joseph
81. Therakam George
82. Thumbiamkuzhy Joseph
83. Thuruthel Joseph
84. Thuruthel Kuriakose
85. Thuruthel Thomas
86. Unnippally Sebastian
87. Vadakkancheril Mathew
88. Vadakkel Emmanuel
89. Vadakkemulanjanal Michael
90. Valakodiyil Dominic
91. Vazhappilly Paul
92. Vazhayil Kurian
93. Veliyath Joseph

**RELIGIOUS PRIESTS**

1. Chakkummootil Jojo TOR
2. Chirappurath Kurian OFM
3. Elikot Vipin CST
4. Ellickal Chacko OFM
5. Illiparambil Chacko CMI
6. Kanjiramparambil Johny MSFS
7. Kizhakkarakatt Vigil O.Praem
8. Moonnanal Francis CMI
9. Pattathilchira Thomas CMF
10. Perubampally Joseph (Suneesh) CMI
11. Puthukulangara Chacko CMI
12. Thakadiyeel Siby CMI2
13. Thalachira Thomas Michael O'Carm
14. Thottathil Mathew CMF

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രേഷിതവർഷം : 2011 ആഗസ്റ്റ് – 2012 ആഗസ്റ്റ്

സീറോ മലബാർ സഭ 2011 ആഗസ്റ്റ് 15–ാം തീയതി സഭയിൽ പ്രേഷിതവർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിനു പുറത്ത് ആദ്യമായി ഒരു രൂപത അനുവദിച്ചു കിട്ടിയതിന്റെ സുവർണ്ണ ജൂബിലി വർഷാചരണമാണ് ഈ പ്രേഷിത വർഷാചരണത്തിന് പ്രചോദനമായി നിലകൊള്ളുന്നത്. കേരളത്തിലെ പ്രഥമ തദ്ദേശീയ സന്യാസസഭയായ കർമ്മലീത്താ (സി.എം.ഐ.) സഭയുടെ പ്രേഷിത തീഷ്ണതയാണ് ഛാന്ദാ രൂപത സ്ഥാപനത്തോടുകൂടി ഈ വലിയ സംരംഭത്തിന് തുടക്കം കുറിച്ചത്. ഇതേ തുടർന്ന് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്കെല്ലാം ഒരു വലിയ പ്രേഷിത പ്രവാഹമായിരുന്നു. സീറോ മലബാർ സഭാഗാത്രത്തിലെ പ്രേഷിത പ്രവർത്തനത്തിന്റെ വിജയകിരീടങ്ങളാണ് ഇന്ന് കേരളത്തിന് പുറത്തുള്ള 16 സീറോ മലബാർ രൂപതകൾ. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്ന് ഉദ്ഘോഷിച്ചുകൊണ്ട് യേശുവിനോടു കൂടെ ആയിരുന്ന യേശുശിഷ്യനും ഭാരതത്തിന്റെ അപ്പസ്തോലനുമായ വി. തോമാശ്ലീഹായിൽ നിന്നു ലഭിച്ച പ്രേഷിതാഗ്നി നൂറ്റാണ്ടുകളിലൂടെ ആളിക്കത്തിച്ച പാരമ്പര്യമാണ് കേരള ക്രൈസ്തവരുടേത്. കേരളത്തിൽ നിന്ന് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും തുടർന്ന് ഭാരതത്തിന് പുറത്തുള്ള നിരവധി രാജ്യങ്ങളിലേയ്ക്കും വിശ്വാസത്തിന്റെ ഉയർത്തിപ്പിടിച്ച ദീപശിഖയുമായി നടത്തിയ പ്രയാണത്തിന്റെ വിജയഗാഥയാണ് സീറോ മലബാർ സഭയുടെ ചരിത്രം.

ഈ ചരിത്രത്തെ അഭിമാനപൂർവ്വം അവലോകനം ചെയ്യുകയും ഈ പ്രേഷിതപ്രയാണത്തിന്റെ നൂതന പാതകളിലേയ്ക്ക് എത്തിനോക്കുകയുമാണ് ഈ പ്രേഷിത വർഷത്തിൽ നാം ഓരോരുത്തരും ചെയ്യേണ്ടത്. ചരിത്രം എന്നും ഒരു പ്രചോദനമാണ്. ഒപ്പം മുന്നോട്ടുള്ള വഴിയിൽ ഒരു മാർഗ്ഗദീപവുമാണ്. ആഗോളസഭയുടെ അവിഭാജ്യഘടകമായ സീറോ മലബാർ സഭ കത്തോലിക്കാസഭയുടെ സമഗ്രപ്രേഷിത പ്രവർത്തനങ്ങളിൽ ഏറെ പങ്കുവഹിച്ചിട്ടുണ്ടെന്നുള്ളതിന് ചരിത്രം തന്നെ സാക്ഷിയാണ്. സഭാഗാത്രത്തോട് ചേർന്ന് നിന്നുകൊണ്ട് സഭാധികാരത്തോടും സഭാപഠനങ്ങളോടും വിധേയപ്പെട്ടുകൊണ്ട് 'ലോകമെങ്ങും' സുവിശേഷം പ്രഘോഷിച്ച മഹത്തായ പാരമ്പര്യമാണ് നമ്മു

ടേത്. സീറോമലബാർ സഭ പ്രേഷിതവർഷം ആചരിക്കുമ്പോൾ ആഗോള സഭയുടെ പ്രേഷിത പ്രവർത്തനത്തെയും, പ്രേഷിത പ്രവർത്തനത്തെക്കുറിച്ചുള്ള സഭയുടെ ഔദ്യോഗിക പഠനങ്ങളേയും വിലയിരുത്താനുള്ള ഒരു എളിയ പരിശ്രമമാണ് ഈ ലേഖനപരമ്പരകളിലൂടെ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

പ്രേഷിത പ്രവർത്തനം എന്താണ്? ആദ്യന്തികമായി ക്രിസ്തു തന്റെ ജീവിതസാക്ഷ്യത്തിലൂടെയും പ്രഘോഷണത്തിലൂടെയും പ്രവർത്തനത്തിലൂടെയും പിതാവായ ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തെ തന്റെ സമകാലീനർക്ക് പ്രകടമാക്കിയ മാർഗ്ഗമാണ് പ്രേഷിത പ്രവർത്തനം. പിതാവുമായുള്ള ഐക്യത്തിൽ ജീവിച്ച പിതാവിന്റെ അധികാരത്തിൽ പങ്കുചേർന്ന് ലോകത്തിന് രക്ഷയുടെ മാർഗ്ഗം കാണിച്ചുകൊടുക്കുവാൻ പിതാവിനാൽ നിയോഗിക്കപ്പെട്ടവനാണ് മനുഷ്യാവതാരം ചെയ്ത ക്രിസ്തു. "മാംസമായ വചനം" മനുഷ്യരൂപം ധരിച്ചപ്പോൾ ആദ്യത്തെ "പ്രേഷിതൻ" രൂപംകൊണ്ടു. "പ്രേഷിതൻ" എന്ന വാക്കിന് "അയയ്ക്കപ്പെട്ടവൻ" എന്നാണല്ലോ അർത്ഥം. പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രൻ അധികാരം കൊണ്ടും ദൗത്യം കൊണ്ടും ലോകത്തിൽ പിതാവിന്റെ ദൃശ്യസാന്നിദ്ധ്യമായി മാറി. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" എന്നു പറയുവാൻ തക്കവിധം പുത്രൻ പിതാവിന്റെ പ്രതിരൂപമായി മാറി.

പിതാവ് ഏൽപിച്ച ദൗത്യത്തോട് പൂർണ്ണ വിശ്വസ്തത പാലിച്ച് "നന്മ ചെയ്തുകൊണ്ട്" ലോകത്തിൽ ചുറ്റിനടന്ന ക്രിസ്തുവിന്റെ സ്നേഹവലയത്തിലേയ്ക്ക് ആകർഷിക്കപ്പെട്ടവരാണ് യേശുശിഷ്യന്മാർ. വിളിച്ച് തിരഞ്ഞെടുത്ത് തന്നോടൊപ്പം വഴിനടത്തി പരിശീലിപ്പിച്ച അനുയായികൾ തന്റെ ദൗത്യം ഈ ലോകത്തിൽ തുടരേണ്ടവരാണെന്ന് യേശു മുൻകൂട്ടി കണ്ടു. അതിനായി അവരെ പഠിപ്പിച്ചു പരിശീലിപ്പിച്ചു. മാതൃക നൽകി നയിച്ചു. പരിശീലനത്തിനിടയിൽ അവരിലുണ്ടായ പിഴവുകളെ പിതൃവാത്സല്യത്തോടെ തിരുത്തി മനുഷ്യരെ രക്ഷിച്ച് പിതാവിന്റെ സ്നേഹത്തിലേയ്ക്ക് കൊണ്ടുവരാനുള്ള തന്റെ തീവ്രയജ്ഞം സ്നേഹത്തിൽ നിന്നുത്ഭവിക്കുന്ന ത്യാഗം വഴി മാത്രമാണെന്ന് തന്റെ പിൻഗാമികളെ പഠിപ്പിച്ചു. കുരിശ് എടുത്തുകൊണ്ട് തന്റെ പിന്നാലെ വരുന്നവനേ ശിഷ്യനാകുവാൻ സാധിക്കുകയുള്ളൂ എന്ന് അസന്നിഗ്ദ്ദമായി അവരോട് തുറന്ന് പറഞ്ഞു. ശിഷ്യത്വത്തിന്റെ മുഖമുദ്രയാണ് സഹനമെന്നും കുരിശിലൂടെ മാത്രമെ രക്ഷയിലെത്തിച്ചേരാനാവൂ എന്നുള്ള വെളിപാടും സമയാസമയങ്ങളിൽ അവരുമായി പങ്കുവച്ചു. പിതാവ് ഏൽപ്പിച്ച പ്രേഷിത ദൗത്യത്തിന്റെ സാക്ഷാത്കാരം കുരിശിലെ

ബലിയാണെന്ന് അവരെ ഉദ്ബോധിപ്പിക്കുകയും സ്വന്തം ജീവിതത്തിൽ അത് യാഥാർത്ഥ്യമാക്കുകയും ചെയ്തപ്പോൾ യേശു ശിഷ്യർ പകച്ചു നിന്നു, അവർ ചഞ്ചലചിത്തരായി, നഷ്ടധൈര്യരായി. ഗുരു ഏല്പിച്ച ദൗത്യത്തോട് കാണിച്ചുതന്ന ജീവിതശൈലിയോട് വിശ്വസ്തത പാലിക്കുവാൻ അശക്തരാണെന്നുള്ള ചിന്തയിലായി.

കുരിശിൽ മരിച്ച ക്രിസ്തു മൂന്നാം ദിവസം വിജയശ്രീലാളിതനായി ഉത്ഥാനം ചെയ്തപ്പോൾ തന്റെ പ്രേഷിത ദൗത്യവും പൂർണ്ണമാവുകയായിരുന്നു. ഉത്ഥാനത്തിലൂടെ രൂപാന്തരപ്പെട്ട പുതുജീവൻ പ്രേഷിത പ്രവർത്തനത്തിന്റെ ലക്ഷ്യമായി മനസ്സിലാക്കിക്കൊടുത്തു. ഉത്ഥാനത്തിനും ഉത്ഥിതനും സാക്ഷികളായ ശിഷ്യന്മാർ തങ്ങളുടെ ജീവിതത്തിനും യഥാർത്ഥദിശ കണ്ടെത്തി. ഉത്ഥിതന്റെ മുറിവുകൾ കാണുകയും തുറക്കപ്പെട്ട തിരുവിലാവിൽ കൈവയ്ക്കുകയും ചെയ്തുകൊണ്ട് തോമ്മാശ്ലീഹാ പ്രേഷിതദൗത്യത്തോടുള്ള തന്റെ സമർപ്പണത്തെ ആവർത്തിച്ചു ഏറ്റുപറഞ്ഞു. "എന്റെ കർത്താവേ, എന്റെ ദൈവമേ" യേശുവിന്റെ ഉത്ഥാനം പ്രദാനം ചെയ്ത ശക്തിയും, സഹനത്തിലും മരണത്തിലും അസ്തമിക്കാത്ത പുതുജീവനിലുള്ള പ്രത്യാശയും യേശു ശിഷ്യരെ തികഞ്ഞ മിഷണറിമാരാക്കി മാറ്റി.

**ഫാ. ജോർജ്ജ് കിഴക്കേമുറി MCBS**

## പ്രേഷിതവർഷം ഉദ്ഘാടനം

സീറോ മലബാർ പ്രേഷിതവർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ആഗസ്റ്റ് 15-ാം തീയതി മാനന്തവാടി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദേവാലയത്തിൽ തിരി തെളിച്ച് നിർവ്വഹിച്ചു. മിഷനറി ചൈതന്യം കുടുംബത്തിൽ മുളയെടുക്കണം എന്ന് അഭിവന്ദ്യ പിതാവ് കുർബാനമദ്ധ്യേ പ്രസംഗത്തിൽ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. ഛാന്ദാ രൂപതയുടെ സ്ഥാപനത്തിന്റെ 50-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് പ്രേഷിതവർഷം ആഘോഷിക്കുന്നതെന്നും അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. വി. കുർബാനയ്ക്കുശേഷം പ്രേഷിത വർഷ പ്രാർത്ഥന അഭിവന്ദ്യപിതാവ് ചൊല്ലിക്കൊടുത്തു. വിശ്വാസിഗണം ഏറ്റുചൊല്ലി. രൂപതാ വികാരിജനറാൾ ബഹു. മാത്യു മാടപ്പള്ളിക്കുന്നേലച്ചനും സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ബാബു പാറയിലച്ചനും കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ബഹു. ടോമി പുത്തൻപുരയ്ക്കലച്ചനും മിഷൻലീഗ് രൂപതാ ഡയറക്ടർ ബഹു. സോണി വടയാപറമ്പിലച്ചനും സഹകാർമ്മികരായിരുന്നു.

പ്രേഷിത വർഷാചരണത്തിന്റെ ഉദ്ഘാടനത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത കത്തീഡ്രൽ വികാരി ബഹു. ജോർജ്ജ് മൈലാടൂരച്ചനും, അസി. വികാരി ബഹു. സിജീഷ് പുല്ലൻകുന്നേല ച്ചനും, കൈക്കാരന്മാർക്കും, പാരീഷ് കൗൺസിൽ അംഗങ്ങൾക്കും, സിസ്റ്റേഴ്സിനും, സംഘടനാ ഭാരവാഹികൾക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു.

**തവിഞ്ഞാൽ ഇടവക**

തവിഞ്ഞാൽ ഇടവകയിൽ പ്രേഷിതവർഷാചരണത്തിന് തുടക്കം കുറിച്ചുകൊണ്ട് വികാരി റവ.ഫാ. മനോജ് അമ്പലത്തിങ്കലും, ഇടവകാം ഗമായ റവ.ഫാ. ബിജു കൊച്ചുനിരവത്തും, ഇടവകയിലെ വൈദീക രുടെ മാതാപിതാക്കളും ചേർന്ന് തിരി തെളിച്ചു. തുടർന്ന് ഇടവകയിലെ മുഴുവൻ കുടുംബങ്ങളിലേയ്ക്കും 'പ്രേഷിതതിരി' കത്തിച്ചു നൽകി. പ്രേഷിതകൂടാരം എ.ജെ. ജോസഫ് അയ്യാനിക്കാട്ട് ഉദ്ഘാടനം ചെയ്തു. വിപുലമായ പരിപാടികളാണ് പ്രേഷിതവർഷത്തോടനുബന്ധിച്ച് ഇടവ കയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

**കല്ലോടി ഇടവക**

കല്ലോടി ഇടവകയിൽ പ്രേഷിതവർഷത്തിന്റെ ഉദ്ഘാടം ഫൊറോന വികാരി റവ.ഫാ. ജോർജ്ജ് മമ്പള്ളിൽ നിലവിളക്ക് തെളിച്ച് നിർവ്വഹിച്ചു. അഖണ്ഡ ബൈബിൾ പാരായണത്തിന്റെ ഉദ്ഘാടനം അസി. വികാരി റവ.ഫാ. ഡെന്നീസ് പൂവ്വത്തിങ്കൽ നിർവ്വഹിച്ചു. ബൈബിൾ എല്ലാ വീടുകളുടെയും കേന്ദ്രസ്ഥാനത്ത് അലങ്കരിച്ച് പ്രതി ഷ്ഠിക്കുകയും, ഭവനങ്ങളിൽ ഒരുവർഷം നീണ്ടുനിൽക്കുന്ന ബൈബിൾ വായന ആരംഭിക്കുകയും ചെയ്തു. പ്രേഷിതവർഷത്തിൽ നടത്താനു ദ്ദേശിക്കുന്ന കർമ്മപരിപാടികൾക്ക് ആരംഭം കുറിച്ചുകൊണ്ട് മുഖപത്രം പ്രകാശനം ചെയ്തു.

**ഫാ. ടോമി പുത്തൻപുരയ്ക്കൽ**
പ്രേഷിതവർഷം രൂപതാ കോർഡിനേറ്റർ

# മതബോധനരംഗം

**മതബോധന ഞായർ**

**അധ്യാപകരുടെയും കുട്ടികളുടെയും ദിനം**

സെപ്റ്റംബർ 11 മതബോധന ഞായർ ആയി നമ്മൾ ആഘോഷിക്കുകയാണ്. വിശ്വാസപരിശീലന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും മംഗളങ്ങളും ആശംസകളും നേരുന്നു. ഈശോ നമ്മെ ഏൽപ്പിച്ച വലിയ ദൗത്യത്തെ ഉത്തരവാദിത്വത്തോടെ ഓർക്കുകയും അതീവ ഗൗരവത്തോടെ ആ ദൗത്യം തുടർന്നുകൊണ്ടുപോകുവാനുള്ള കരുത്ത് ആർജ്ജിക്കുകകൂടി ചെയ്യുകയാണ് ഈ ആഘോഷവേളയിൽ. “യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും” എന്ന ഈശോയുടെ വചനം എന്നും അധ്യാപകന്റെ കരുത്താണ്. കാരണം “ഞാൻ നിങ്ങളോട് കൽപ്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ” എന്ന ഈശോയുടെ വചനങ്ങളാണ് അധ്യാപകൻ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പാലിക്കുന്നത്.

മതബോധന ഞായർ നമ്മുടെ മതാധ്യാപകരെ നന്ദിയോടെ അനുസ്മരിക്കേണ്ട ദിനമാണ്. ഇടവകയുടെ ആദ്ധ്യാത്മിക പരിശീലനത്തിലും വളർച്ചയിലും ആത്മാർത്ഥമായി ശുശ്രൂഷ ചെയ്യുന്ന അവർക്ക് ധാരാളം ദൈവാനുഗ്രഹം ലഭിക്കുവാൻ പ്രാർത്ഥിക്കുന്നു.

വിശ്വാസപരിശീലനം നേടുന്ന നമ്മുടെ കുട്ടികളെ പ്രത്യേകമായി ഓർക്കുകയാണ് മതബോധന ഞായറാഴ്ച. വ്യത്യസ്തങ്ങളായ ജീവിത സാഹചര്യങ്ങളിൽ, ജീവിക്കുന്ന കുട്ടികൾ ദൈവവിശ്വാസത്തിലും, ദൈവാശ്രയത്തിലും വളരുവാൻ മുതിർന്നവരുടെ ജീവിതമാതൃകയും, ശിക്ഷണവും ആവശ്യമാണ്. ‘പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശവുമായി’ വചനം അവരെ വഴി നടത്തുവാൻ ആവശ്യമായ വിധത്തി

ലെല്ലാം നമുക്ക് സഹായിക്കാം. ജീവിതയാത്രയിൽ ജീവന്റെ നീർച്ചാലുകളായ കൂദാശകളാകട്ടെ അവർക്ക് കരുത്ത്.

മതബോധന ഞായർ മാതാപിതാക്കളെയും ഓർമ്മിക്കുവാൻ അവസരമൊരുക്കുകയാണ്. 'ലോകം മുഴുവനും നേടിയാലും ആത്മാവ് നഷ്ടമായാൽ എന്തുഫലം'? ദൈവദാനം ഉത്തരവാദിത്വത്തോടെ സ്വീകരിച്ച് അടുത്ത തലമുറയ്ക്ക് പകരുവാൻ നിതാന്തജാഗ്രത പുലർത്തണം. 'വാത്സല്യം, ക്ഷമാശീലം, ബഹുമാനം, വിശ്വസ്തത, നിസ്വാർത്ഥ സേവനം എന്നിവ പ്രമാണമായിട്ടുള്ള ഒരു ഭവനം സൃഷ്ടിച്ചുകൊണ്ട് അവർ ഈ ഉത്തരവാദിത്വം നിർവ്വഹിക്കണം'

മതബോധനഞായറിന്റെ നന്മകൾ ഏവർക്കും ആശംസിക്കുന്നു.

### കുട്ടികളുടെ പരീക്ഷാഫലം

കുട്ടികളുടെ പഠനനിലവാരം പരീക്ഷയുടെ അടിസ്ഥാനത്തിൽ വിലയിരുത്തി അധ്യാപകർ ആവശ്യമായ നടപടികൾ സ്വീകരിക്കുമല്ലോ. അറിവിലൂടെ ലഭിക്കുന്ന വിശ്വാസസത്യങ്ങൾ കുട്ടികളുടെ ജീവിതത്തിൽ പ്രതിഫലിക്കുവാനുള്ള പരിശീലനം കൃത്യതയോടെ കൊടുക്കുവാനും ശ്രദ്ധിക്കുമല്ലോ.

### അധ്യാപകരുടെ രൂപതാ കൺവെൻഷൻ

പതിനഞ്ച് വർഷവും അതിൽ കൂടുതലും മതാധ്യാപനരംഗത്ത് സേവനമനുഷ്ഠിക്കുന്ന അത്മായ അധ്യാപകരുടെ രൂപതാ കൺവെൻഷൻ ഒക്ടോബർ 30 ന് ആണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് ഓർമ്മിക്കുമല്ലോ.

### അധ്യാപക പരിശീലനം

കേളകം, ചുണ്ടക്കര ഇടവകകളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിച്ചു. ഡയറക്ടർ, റവ. ഫാ. ബെന്നി മുതിരക്കാലായിൽ, ശ്രീ. സജി നരിവേലിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

### മാതാപിതാക്കൾക്ക് സെമിനാർ

മക്കിയാട്, വിളമ്പുകണ്ടം, കുറുമ്പാല, ചുള്ളിയാന, കൊട്ടിയൂർ, പറളിക്കുന്ന്, കമ്മന, കരിമ്പിൽ, പുതിയിടംകുന്ന് എന്നീ ഇടവകകളിലെ മാതാപിതാക്കൾക്ക് വേണ്ടിയുള്ള സെമിനാറിന് ശ്രീ. വർക്കി നിരപ്പേൽ, ശ്രീ. ജോണി അമ്പാട്ട്, ശ്രീ. തോമസ് ഏറണാട്ട്, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു. ടീം അംഗങ്ങൾക്കും, ബഹു. വികാരിയച്ചന്മാർക്കും നന്ദി.

**Plus Two കുട്ടികളുടെ പഠനസംഗമം**

കൽപ്പറ്റ, മാനന്തവാടി ഫൊറോനകളിലെ Plus Two കുട്ടികളുടെ പഠനസംഗമം കൽപ്പറ്റ ഡി പോൾ പള്ളി, മാനന്തവാടി ടൗൺ പള്ളി എന്നിവിടങ്ങളിൽ സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർമാരായ ബഹു. ബിജു കോയിക്കാട്ടിലച്ചനും, ബഹു. തോമസ് മണക്കുന്നേലച്ചനും, ഫൊറോന ടീം അംഗങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. കല്പ്പറ്റ ഫൊറോന വികാരി ബഹു. കൊച്ചറയ്ക്കൽ ജോസച്ചനും, ടൗൺ പള്ളി വികാരി ബഹു. മാത്യു പെരുമാട്ടിക്കുന്നേൽ അച്ചനും, രൂപതാ ടീം അംഗങ്ങൾക്കും നന്ദി.

**HDC Contact Class**

HDC കോൺടാക്ട് ക്ലാസ്സിന്റെ തീയതികൾ, രൂപതാ മതബോധന കലണ്ടറിലുള്ളത് ശ്രദ്ധിക്കുമല്ലോ. പുതിയ ബാച്ചിലേക്ക് പ്രവേശിച്ചവർക്ക് സ്വാഗതവും ആശംസകളും.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്റ്റലേറ്റ്

ഈ വർഷത്തെ ലോഗോസ് ക്വിസിന് 22123 പേർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇടവകാംഗങ്ങളെ ലോഗോസ് ക്വിസിന്റെ ഭാഗമാക്കാൻവേണ്ടി പ്രോൽസാഹിപ്പിച്ച എല്ലാ വൈദികരെയും സമർപ്പിതരെയും, മതാധ്യാപകരെയും,എല്ലാ സംഘടനാംഗങ്ങളെയും, മാതൃസംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ലോഗോസ് ക്വിസിന്റെ രൂപതാതല പരീക്ഷ സെപ്റ്റംബർ 25-ാം തീയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ ആയിരിക്കും. രജിസ്ട്രർ ചെയ്ത എല്ലാവരും നന്നായി പഠിച്ച് ഒരുങ്ങാൻ ശ്രദ്ധിക്കുമല്ലോ. ഒരുപാട് ത്യാഗം ചെയ്തു ഓൺ-ലൈൻ രജിസ്ട്രേഷൻ ഡാറ്റ എൻട്രി പൂർത്തിയാക്കിയ എല്ലാ ഇടവകകളെയും നന്ദിയോടെ ഓർക്കുന്നു. ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിച്ച 3 ഇടവകൾ (1) മുള്ളൻകൊല്ലി (718), (2) വാഴവറ്റ (626), (3) ബത്തേരി (613) ഇതിനു നേതൃത്വം നൽകിയ ബഹു. വികാരിയച്ചൻമാർക്കും (ഫാ. അഗസ്റ്റിൻ നിലയ്ക്കപള്ളി, ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി, ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ), സഹപ്രവർത്തകർക്കും ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുകയും, അവരുടെ പ്രവർത്തനങ്ങൾ രൂപതയിലെ മറ്റു ഇടവകകൾക്ക് മാതൃകയും പ്രോൽസാഹനവും ആകട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പരി. അമ്മയുടെ ജനനത്തിരുനാൾ നാം ആഘോഷിക്കുന്ന മാസമാണിത്. ക്രിസ്തുമസ് ആനന്ദത്തിന്റെ തിരുനാളാണെങ്കിൽ മേരിമസ് സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും തിരുനാളായി നമുക്ക് ആഘോഷിക്കാം. മിഷൻലീഗിന്റെ ഈ മാസത്തെ പ്രവർത്തനങ്ങളെല്ലാം പരി. അമ്മ വഴി ഈശോയ്ക്ക് സമർപ്പിക്കാം. പരി.അമ്മയുടെ ജനന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. ഒപ്പം കേരളീയരായ നമുക്ക് വലിയ സന്തോഷം നൽകുന്ന തിരുവോണത്തിന്റെ ആശംസകളും നേരുന്നു.

മേഖലാ കലാമത്സരങ്ങൾ നടക്കുന്ന മാസമാണിത്. വളരെ താത്പര്യത്തോടും തീക്ഷ്ണതയോടും ഒപ്പം അതിന്റെ യഥാർത്ഥ ചൈതന്യത്തോടും കൂടി അതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രേഷിതവർഷമായി ആചരിക്കുമ്പോൾ ശാഖയിലെ പ്രവർത്തനങ്ങളെല്ലാം ഭംഗിയായി മുന്നോട്ടുപോകുന്നു എന്ന് കരുതുന്നു. ഈ പ്രേഷിത വർഷത്തിൽ ഓരോ ശാഖയിലെയും മിഷൻമാസാചരണം വളരെ ഭംഗിയായി ക്രമീകരിക്കുമല്ലോ. എല്ലാ പ്രവർത്തനങ്ങൾക്കും വിജയാശംസകൾ നേരുന്നു.

ഒത്തിരി സ്നേഹത്തോടെ,
**സോണിയച്ചൻ**

**മേഖലാഡയറക്ടേഴ്സ് ജോ.ഡയറക്ടേഴ്സ് സംഗമം**

മേഖലയിൽ സംഘടനാ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന മേഖലാ ഡയറക്ടേഴ്സിന്റേയും ജോ.ഡയറക്ടേഴ്സിന്റേയും സംഗമം

ജൂലൈ 21-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ നടന്നു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ.ഫാ. സോണി വടയാപറമ്പിൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷനായിരുന്നു. സംഗമത്തിൽ രൂപതാപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെക്രട്ടറി ബിനു മാങ്കൂട്ടത്തിൽ നന്ദി പറഞ്ഞു. സംഗമത്തിൽ പങ്കെടുത്ത വൈദീകർക്കും സിസ്റ്റേഴ്സിനും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

**പ്രേഷിത് 2011**

ശാഖാസന്ദർശനവും സെമിനാറും ബത്തേരി മാനന്തവാടി മേഖലയിൽ നടന്നു. രഞ്ജിത്ത് മുതുപ്ലാക്കൽ, ഫാ. സോണി വടയാപറമ്പിൽ, സി. ലിസ എസ്.കെ.ഡി., ബിനു മാങ്കൂട്ടത്തിൽ, സി. ആഷ്‌ലി സി.എം.സി, സജി വേങ്ങത്തടത്തിൽ, സ്റ്റിജി സ്കറിയ, ഷാജു പി. ജെയിംസ്, സി. വിനീത എസ്.എച്ച്., സി. തെരേസ് എസ്.എ.ബി.എസ്., ജോസ് മുണ്ടിയാനി, ബിനീഷ് തുമ്പിയാംകുഴി, സി. ഫൗസ്റ്റ സി.എം.സി., ജോയി മേപാടത്ത്, സി. ഡാനി മരിയാ എസ്.എ.ബി.എസ്., റെനിൽ കഴുതാടിയിൽ, ഡോളി പാറേക്കുടിയിൽ, സി. പ്രശാന്തി എം.എസ്.എം.ഐ., എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. സന്ദർശനത്തിന് സഹായിച്ച രൂപതാ ടീം അംഗങ്ങൾക്കും ക്രമീകരണങ്ങൾ ചെയ്ത ഡയറക്ടറച്ചൻമാർക്കും ശാഖാ ഭാരവാഹികൾക്കും രൂപതാസമിതിയുടെ നന്ദി അറിയിക്കുന്നു.

**കുഞ്ഞേട്ടൻ അനുസ്മരണം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപകനേതാവായ കുഞ്ഞേട്ടൻ നമ്മിൽനിന്ന് വേർപിരിഞ്ഞിട്ട് ഓഗസ്റ്റ് 11-ന് രണ്ടുവർഷം തികയുന്നു. ഈയവസരത്തിൽ ചെറുപുഷ്പമിഷൻലീഗ് രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വി.ബലിയർപ്പിക്കുകയും പ്രത്യേകം പ്രാർത്ഥനകൾ നടത്തുകയും ചെയ്തു.

**വി. ജോൺ വിയാനിദിനം**

ഇടവകാ വൈദീകരുടെ മദ്ധ്യസ്ഥനായ വി. ജോൺ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വിയാനിഭവൻ സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റി**

ഓഗസ്റ്റ് 13-ന് പാലാ ചെമ്മരമറ്റത്ത് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സ്റ്റേറ്റ് മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ സാഹിത്യമത്സരവും മേഖലാ സന്ദർശനവും**

ഓഗസ്റ്റ് 14 ഞായറാഴ്ച 12 മേഖലകളിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശനം നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും രൂപതാ സാഹിത്യമത്സരത്തിന് നേതൃത്വം നൽകുകയും ചെയ്തു.

**തിരുബാലസഖ്യം**

തിരുബാലസഖ്യം മാർഗ്ഗരേഖ ശാഖാപ്രസിഡന്റ് സെക്രട്ടറിമാരുടെ മീറ്റിംഗിൽ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയനുസരിച്ച് പ്രവർത്തനങ്ങൾ നടത്തുകയും റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**സംഭാവനകൂപ്പൺ**

സംഭാവനകൂപ്പൺ എല്ലാ ശാഖകളിലും വിറ്റഴിഞ്ഞുവെന്ന് കരുതുന്നു. സെപ്റ്റംബർ 18-നു മുമ്പ് സംഭാവനകൂപ്പൺ മുഴുവനും രൂപതാ ഓഫീസിൽ ഏൽപ്പിക്കണമെന്ന് അറിയിക്കുന്നു.

**മാലിപ്പറമ്പിൽ അനുസ്മരണം - സെപ്റ്റംബർ 9**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം ശാഖകളിലും മേഖലകളിലും സമുചിതമായി ആചരിക്കുമല്ലോ.

**സംസ്ഥാന സാഹിത്യമത്സരം**

സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. രൂപതാ മത്സരവിജയികൾ മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**സാഹിത്യശിൽപശാല**

സംസ്ഥാന സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി 20 ന് വൈകുന്നേരം ദ്വാരകയിൽ വെച്ച് പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുത്ത് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**മദ്യവിരുദ്ധസമിതി സെമിനാർ**

ആഗസ്റ്റ് 6-ാം തീയതി നടന്ന മദ്യവിരുദ്ധ റിസോഴ്സ് ടീം സെമിനാറിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**മിഷൻമാസാചരണം**

സഭ പ്രേഷിതവർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ മിഷൻമാസാചരണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ശാഖാ നേതൃത്വം മുൻകൂട്ടി ആലോചിച്ച് പ്രവർത്തനങ്ങൾ കോർത്തിണക്കി മിഷൻമാസം സജീവമാക്കാൻ ശ്രദ്ധിക്കുമല്ലോ.

**മേഖലാ കലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ ഈ മാസം തന്നെ നടത്തേണ്ടതാണ് ശാഖകളുടെ സജീവമായ പങ്കാളിത്തം മത്സരത്തിന് ഉണ്ടായിരിക്കുവാൻ നേതൃത്വം ശ്രദ്ധിക്കുമല്ലോ. രൂപതാ കലാമത്സരലിസ്റ്റ് സെപ്റ്റംബർ 21-ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**മിഷൻസന്ധ്യ**

പ്രേഷിത വർഷത്തിൽ രൂപത ക്രമീകരിച്ചിരിക്കുന്ന "മിഷൻ സന്ധ്യ" ശാഖകളിൽ ഒക്ടോബർ മാസത്തിൽ തന്നെ നടത്താൻ ശാഖാനേതൃത്വം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപതാ മുൻ വികാരി ജനറാൾ ബഹു. ജോർജ്ജ് മൂലയിലച്ചന്റെ പിതാവിന്റെ വേർപാടിൽ സി.എം.എൽ. രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനയും ആദരാഞ്ജലികളും നേരുന്നു.

**കാണിക്കതന്ന ശാഖകൾ**

കരിമാനി - 375, കയ്യൂന്നി - 400, കരണി - 100, വാളാട് - 152, കാട്ടിക്കുളം - 100.

**പലതുള്ളി തന്ന ശാഖകൾ**

പോരൂർ-375, പനവല്ലി-550, പയ്യംമ്പള്ളി-300, ആറാട്ടുതറ-125, മാർട്ടിൻനഗർ-405, ചുള്ളിയോട്-56, മീനങ്ങാടി-170, വാകേരി-100, ചിത്രഗിരി-130, ബത്തേരി-410, കാട്ടിക്കുളം-120, ഇടയൂർകുന്ന്-35, മാനന്തവാടി ടൗൺ-172, കല്ലുമുക്ക്-41, തവിഞ്ഞാൽ-300, കടൽമാട്-100, ബോയ്സ്ടൗൺ - 30, തലപ്പുഴ - 50, കരിമാനി - 50, പേരിയ-150, ഇടിവണ്ണ-500.

**മേഖലാ വാർത്തകൾ**

*തരിയോട് :-* സാഹിത്യ മത്സരം നടത്തി, എക്സിക്യൂട്ടീവ് കൂടി.

*ബത്തേരി :-* മേഖലാ സാഹിത്യമത്സരം നടത്തി. ലഹരിവിരുദ്ധദിനാചരണം, സൗഹൃദ് - 2011 ഇവ സംഘടിപ്പിച്ചു.

*ഗൂഡല്ലൂർ :-* പുതിയ വെബ്സൈറ്റ് സ്ഥാപിച്ചു. സാഹിത്യമത്സരം നടത്തി.

**ശാഖാ വാർത്തകൾ**

*മച്ചിക്കൊല്ലി :-* ആരാധന നടത്തി.

ചെന്നലോട് :- ആശുപത്രി സന്ദർശനം നടത്തി.

*ചുങ്കക്കുന്ന്, മുണ്ടേരി, അമരക്കുനി* :- സാഹിത്യമത്സരം നടത്തി.

*നെല്ലിയോടി, കടൽമാട്, കുറുമ്പാല, കരിമാനി, മരകാവ്, മംഗളം, പറളിക്കുന്ന്, വാളവയൽ, കരണി* :- എന്നീ ശാഖകൾ പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

*കാവുംമന്ദം* :- പ്രസംഗപരിശീലനം നടത്തി.

*ചുള്ളിയോട്* :- വചന വാക്യ വിതരണം നടത്തി.

*പൂളപ്പാടം* :- ദിവംഗതനായ വർക്കി പിതാവിന്റെ ആൽബം പ്രകാശനം ചെയ്തു.

*അമ്പായത്തോട്* :- മുൻ ജോ.ഡയറക്ടർക്ക് യാത്രയപ്പ് നൽകി.

*ആറാട്ടുതറ* :- ഇരുളം, അരിഞ്ചേർമല, വൈത്തിരി, കല്ലുവയൽ എന്നീ ശാഖകൾ ഡയറക്ടറച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു.

*നരിവാലമുണ്ട* :- രോഗീ സന്ദർശനം നടത്തി, റീഡിംഗ് റൂം നിർമ്മിച്ചു.

*പനംചിറ, പട്ടാണികൂപ്പ്, കുറുമണി* :- ശാഖകൾ തോമാശ്ലീഹാ, വി. അൽഫോൻസാമ്മ ഇവരുടെ തിരുനാൾ ആഘോഷിച്ചു.

*തരിയോട്* :- 10-ാം ക്ലാസിൽ A+ നേടിയ അശ്വത് ചക്കാലയെ അനുമോദിച്ചു.

*വെള്ളമുണ്ട* :- ഏകദിന ധ്യാനം നടത്തി. കാഴ്ചസമർപ്പണ സാധനങ്ങൾ കുഞ്ഞോം ഓർഫനേജിൽ നൽകി.

*കൊമ്മയാട്* :- പാവപ്പെട്ട ഒരു കുടുംബത്തിന് അരി നൽകി സഹായിച്ചു.

*ശാന്തിഗിരി* :- വായന പരിശീലനം നടത്തി. സാഹിത്യമത്സരത്തിന് പരിശീലനം നടത്തി.

*കല്ലോടി* :- അൽഫോൻസാ ക്വിസ് നടത്തി. കൊളാഷ് നടത്തി.

*വഞ്ഞോട്* :- അൾത്താര സംഘത്തിന് പരിശീലനം നടത്തി.

*കല്ലുമുക്ക്* :- സിമിത്തേരി വൃത്തിയാക്കി, വൈദീകവിദ്യാർത്ഥിയായ ടോണിക്ക് ആശംസകൾ നൽകി.

*കാട്ടിക്കുളം* :- അർദ്ധദിന സെമിനാർ നടത്തി.

*പനവല്ലി* :- ദിവ്യകാരുണ്യ ആരാധന നടത്തി.

*പുതിയിടംകുന്ന്* :- അഖണ്ഡജപമാല നടത്തി.

*ചാരിറ്റി* :- കൊളാഷ് മത്സരം നടത്തി.

*ഇടിവണ്ണ* :- തോമാശ്ലീഹായുടെ തിരുനാളിന് റവ.ഫാ. സോണി ദിവ്യ ബലിയർപ്പിച്ചു.

*ഏലപ്പീടിക* :- അർദ്ധദിന സെമിനാർ നടത്തി.

*ചുണ്ടക്കര* :- ഓഗസ്റ്റ്മാസം 13 മുതൽ 15 വരെ തീയതികളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. പഠനോപകരണങ്ങൾ വിതരണം ചെയ്തു.

*കോട്ടത്തറ* :- ഗാനപരിശീലനം, രോഗീസന്ദർശനം നടത്തി.

*കേളകം* :- ബൈബിൾ ക്വിസ് നടത്തി.

*ജൂഡ്സ് മൗണ്ട്* :- പഠനത്തിന് മികവ് പുലർത്തിയ വിദ്യാർത്ഥിക്ക് സമ്മാനം നൽകി.

*നെടുംമ്പാല* :- പോസ്റ്റർ നിർമ്മാണം നടത്തി.

*മക്കിയാട്* :- ആരാധന നടത്തി

*മാർട്ടിൻനഗർ* :- ചുവർ പത്രിക നിർമ്മിച്ചു.

*നടവയൽ, മീനങ്ങാടി* :- പനമരം ഹോസ്പിറ്റൽ സന്ദർശിച്ചു.

*നെയ്ക്കുപ്പ* :- പിടിയരി പിരിവ് നടത്തി, സീനിയേഴ്സിനെ ആദരിച്ചു.

*തവിഞ്ഞാൽ* :- ഏകദിന സെമിനാർ നടത്തി.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

പ്രിയ യുവജന സുഹൃത്തുക്കളേ,

മലയാള മനസ്സിന് സന്തോഷം നൽകി ഒരു ഓണംകൂടി വന്നെത്തുകയായ്. കടന്നുപോയ നല്ല നാളുകളെ ഓർമ്മിപ്പിക്കുകയാണ് നമ്മെ.... കള്ളവും, ചതിയും, വഞ്ചനയുമില്ലാതിരുന്ന ഒരു കാലം.... മനുജരെല്ലാം ഒരേ മനസ്സോടുകൂടി ആടിപ്പാടി ഉല്ലസിച്ച് സാഹോദര്യത്തോടെ ജീവിച്ചിരുന്ന കാലം. ഒരു മുത്തശ്ശിക്കഥപോലെ നമ്മുടെ മനസ്സുകളിൽ ഇന്നും ഒളിമങ്ങാതെ നിലനിൽക്കുന്നു. ആ നല്ല ഓർമ്മകൾ നാം അനുസ്മരിക്കുമ്പോൾ നന്മയുടെ ആശംസകൾ നമ്മിൽനിന്നും നഷ്ടപ്പെടാതിരിക്കാൻ പരിശ്രമിക്കാം. അഴിമതിക്കെതിരെയും മറ്റും ശബ്ദമുയർത്തേണ്ടവരാണ് നാം, യുവത. അഴിമതിക്കെതിരെ തുടങ്ങിവച്ച പോരാട്ടം ഒരു കൊടുങ്കാറ്റായി കാലം നമ്മുടെ മനസ്സുകളിലും പിന്നെ ലോകത്തിലും ആഞ്ഞടിക്കട്ടെ. യുവജനങ്ങൾ ശബ്ദമുയർത്തിയാൽ ലക്ഷ്യങ്ങൾ അകലെയാവില്ല എന്ന ചിന്ത നമ്മെ ഭരിക്കട്ടെ. സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങൾക്കെതിരെ യുവാവായ ക്രിസ്തു ശബ്ദമുയർത്തിയത് നമുക്ക് മാതൃകയാണ്. ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് സമൂഹമന:സാക്ഷിയിൽ ഒരു ചോദ്യചിഹ്നമാകാൻ നമുക്കാകട്ടെ. ഏവർക്കും സമൃദ്ധിയുടേയും സാഹോദര്യത്തിന്റെയും ഓണാശംസകൾ നേർന്നുകൊണ്ട്

സ്നേഹപൂർവ്വം,
**ടോമിയച്ചൻ**

**READY - 2011**

മേഖലകളിൽ കെ.സി.വൈ.എം. നെ ശക്തമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലാ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും സംഗമമായ READY ഈ വർഷം ജൂലൈ 21–ാം തീയതി രൂപതാ

പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണവും ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ സ്വാഗതവും പറഞ്ഞു. മാനന്തവാടി രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തുകയും തുടർന്ന് സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകളും വിലയിരുത്തലുകളും നടത്തുകയും ചെയ്തു.

### തിങ്കിംങ്ങ് സെൽ വിത്ത് സിൻഡിക്കേറ്റ്

29-7-11 ന് രൂപത കെ.സി.വൈ.എം. ന്റെ തിങ്കിംങ്ങ്സെൽ അംഗങ്ങളും സിൻഡിക്കേറ്റ് അംഗങ്ങളും ഉൾപ്പെട്ട യോഗം നടത്തി. യോഗത്തിൽ വച്ച് യുവജനച്ചങ്ങലയെക്കുറിച്ചും പ്രസ്ഥാനത്തിന്റെ ഭാവിപ്രവർത്തനങ്ങളെക്കുറിച്ചും പ്രത്യേക ചർച്ചകൾ നടത്തി. പങ്കെടുത്തവർക്ക് നന്ദിയർപ്പിക്കുന്നു.

### സംസ്ഥാന അർദ്ധവാർഷിക സെനറ്റ് കാഞ്ഞിരപ്പള്ളി

കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ജൂലൈ 29, 30, 31 തീയതികളിൽ നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ മാനന്തവാടി രൂപതയിൽ നിന്ന് രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻ പുരയ്ക്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് അനീഷ് ഓമക്കര, സംസ്ഥാന സെനറ്റംഗം ശ്രീ. ബിനോയ് പാനികുളം, രൂപത ആനിമേറ്റർ സി. വിൻസി ജോൺ എഫ്.സി.സി. എന്നിവർ പങ്കെടുക്കുകയും രൂപത റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

### ത്രിവർണ്ണം - യുവജനച്ചങ്ങല

13-8-11 ന് മാനന്തവാടി ടൗണിൽ വച്ച് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കെ.സി.വൈ.എം. മാനന്തവാടി രൂപതയിലെ അംഗങ്ങൾ യുവജന മനുഷ്യച്ചങ്ങല തീർത്തു. 65-ാം സ്വാതന്ത്ര്യദിനമാഘോഷിക്കുന്ന ഇന്ത്യയിൽ ഇന്ന് നടക്കുന്ന അഴിമതി, ഭീകരത, സ്ത്രീപീഢനം, ലഹരിവിപത്ത് എന്നിവക്കെതിരെ യുവജനങ്ങൾ ജാഗ്രത പുലർത്തുമെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് പ്രതിജ്ഞചൊല്ലി. ഉച്ചക്ക് 2 മണിക്ക് മാനന്തവാടി സെന്റ് പീറ്റർ & സെന്റ് പോൾ ടൗൺ ചർച്ചിൽ നിന്നാരംഭിച്ച യുവജനറാലി മിജാർക്ക് ഏഷ്യൻ പ്രതിനിധി ശ്രീ. ജോസ് പള്ളത്ത് ഉത്ഘാടനം ചെയ്തു. ഉത്ഘാടന സമ്മേളനത്തിന് കെ.സി.വൈ.എം. രൂപതാപ്രസിഡന്റ് ശ്രീ. സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിക്കുകയും രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ജനറൽ സെക്രട്ടറി ഷംജിത്ത് ചേലയ്ക്കൽ തുടങ്ങിയവർ സംസാരി

ക്കുകയും ചെയ്തു. രൂപതാ ഭാരവാഹികളായ ശ്രീ. ഡിന്റോ മുണ്ടുപാലക്കൽ, ജിതേഷ് മുളക്കക്കുന്നേൽ, ആന്റണി മങ്കടപ്ര, ശ്രുതി കുര്യൻ നെടുങ്ങാട്ടുകുടിയിൽ, സൻസി പൊട്ടയിൽ, സി. വിൻസി ജോൺ എഫ്.സി.സി., സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. അനീഷ് ഓമക്കര, ബഹു. മേഖല യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റർമാർ, ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. ആയിരത്തോളം യുവജനങ്ങൾ പങ്കുചേർന്നു. ത്രിവർണ്ണം 2011 – ന്റെ വിജയത്തിന് സഹകരിച്ച എല്ലാവർക്കും നന്ദി.

**ഓണാഘോഷം – "തുടിതാളം" – തുമ്പപ്പൂ**

മാനന്തവാടി രൂപതാ സമിതിയുടെയും കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മാനന്തവാടി ചേര്യംകൊല്ലിയിലെ ചുള്ളിയാന കോളനി നിവാസികൾക്കൊപ്പം ഓണാഘോഷം നടത്തുന്നു. 8–8–11 ന് രാവിലെ ആരംഭിക്കുന്ന ആഘോഷപരിപാടികളിൽ ഓണക്കളികളും ഓണ മത്സരപരിപാടികൾക്കുമൊപ്പം ഓണസദ്യയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. കെ.സി.വൈ.എം. രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണം.

**രൂപതാ സാഹിത്യ മത്സരങ്ങൾ**

21–8–11 ന് രൂപതാ സാഹിത്യമത്സരങ്ങൾ നടത്തപ്പെടും. മത്സരാർത്ഥികളുടെ സൗകര്യാർത്ഥം അതതുമേഖലകളിൽ വച്ചാണ് മത്സരങ്ങൾ, 21–8–11 ന് രാവിലെ 10–ന് രൂപതയുടെ പന്ത്രണ്ട് മേഖലകളിലും ഒരേ സമയത്ത് മത്സരങ്ങൾ ആരംഭിക്കേണ്ടതിനാൽ വേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും അതതു മേഖല ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഒരുക്കിത്തരേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. രൂപതാ ഭാരവാഹികൾ മത്സരങ്ങൾക്കാവശ്യമായ പേപ്പറുകൾ, ചാർട്ടുകൾ എന്നിവയോടുകൂടി മത്സര ദിവസം മേഖലകളിൽ നിന്ന് അറിയിക്കുന്ന സ്ഥലത്ത് എത്തിച്ചേർന്ന് മേഖലകളിൽ രൂപതാമത്സരത്തിന് നേതൃത്വം നൽകുന്നതിൽ സഹായിക്കുന്നതാണ്. എവിടെവെച്ചാണ് മേഖലകളിൽ മത്സരത്തിനുള്ള സൗകര്യമൊരുക്കുന്നതെന്ന് മത്സരാർത്ഥികളുടെ ലിസ്റ്റിനൊപ്പം രൂപത ഓഫീസിൽ അറിയിക്കുമല്ലോ. സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**രൂപത PEARL കലാമത്സരങ്ങൾ**

രൂപത പേൾ കലാമത്സരങ്ങൾ ഈ വർഷം ഒക്ടോബർ 5–ാം തീയതി ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9.30 ന് തന്നെ ആരംഭിക്കുന്നതാണ്. സെപ്റ്റംബർ 24–ാം തീയതിക്ക് മുമ്പായി മത്സരാർത്ഥികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ മേഖലയിൽ നിന്ന് എത്തിക്കേണ്ടതാണ്.

മത്സരാർത്ഥികൾക്ക് അംഗത്വമുണ്ടെന്ന് മേഖലകൾ ഉറപ്പുവരുത്തേണ്ട താണ്.

**മേഖലാ KCYM സെക്രട്ടറിമാർക്ക്**

രൂപത കലാ സാഹിത്യ മത്സരാർത്ഥികളുടെ ലിസ്റ്റുകൾ രൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതിക്കുമുമ്പായിത്തന്നെ എത്തിക്കാൻ മറക്കരുത്.

**മക്കിയാട് KCYM യൂണിറ്റ് തുടങ്ങി**

മക്കിയാട് ഇടവകയിൽ കെ.സി.വൈ.എം. യൂണിറ്റ് ആരംഭിച്ചു. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. മക്കിയാട് കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ താന്നിയിൽ ആനിമേറ്റർ സിസ്റ്റർ ഭാരവാഹികൾ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**മേഖലാ ഡയറക്ടേഴ്സിന് സ്വാഗതം**

കെ.സി.വൈ.എം. മണിമൂളി മേഖലാ ഡയറക്ടറായി നിയമിത നായിരിക്കുന്ന ബഹു. ജെസ്റ്റിൻ മൂന്നാനാൽ അച്ചനും നിലമ്പൂർ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് ഉറുമ്പിൽ അച്ചനും പ്രവർത്തന പന്ഥാവിൽ വിജയങ്ങൾ ആശംസിച്ചുകൊണ്ട് പ്രസ്ഥാനത്തിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

**ആദരാഞ്ജലികൾ**

മാനന്തവാടി രൂപത മുൻ വികാരിജനറാൾ ബഹു. ജോർജ്ജ് മൂലയിൽ അച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ കെ. സി. വൈ. എം. മാനന്തവാടി രൂപത അനുശോചനം രേഖപ്പെടുത്തി.

**മേഖലാ വാർത്തകൾ**

**കൊട്ടിയൂർ മേഖല**

കെ.സി.വൈ.എം. കൊട്ടിയൂർ മേഖല അർദ്ധവാർഷിക സെനറ്റ് ജൂലൈ 17-ന് ചുങ്കക്കുന്ന് ഫൊറോന ചർച്ചിൽവച്ച് നടത്തി. മേഖല യുടെ കഴിഞ്ഞ 6 മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഒപ്പം യൂണിറ്റുകൾ 6 മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് സജിൻ ജോസ് ചാലിൽ അദ്ധ്യക്ഷത വഹിച്ചു. മേഖലയുടെ രക്ഷാധികാരി റവ.ഫാ.തോമസ് ചേറ്റാനിയിൽ അർദ്ധവാർഷികസെനറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. കൊട്ടിയൂർ മേഖലയുടെ പുതിയ പ്രസിഡന്റായി ആൽബിൻ കാവിത്താഴേലിനെ തിരഞ്ഞെടുത്തു. മേഖലാ ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാം

തുണ്ടത്തിൽ, മേഖലാ ഭാരവാഹികൾ എന്നിവർ സെനറ്റിന് നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ രൂപതാ, മേഖല, യൂണിറ്റ് ഭാരവാഹികൾക്കും നന്ദി പറയുന്നു. പ്രോത്സാഹിപ്പിക്കുന്ന എല്ലാ യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും നന്ദി.

**ശാന്തിഗിരി യൂണിറ്റ്**

കെ.സി.വൈ.എം. ശാന്തിഗിരി യൂണിറ്റിൽ സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു. സ്വാതന്ത്ര്യദിനത്തോട് അനുബന്ധിച്ച് യൂണിറ്റ് ഡയറക്ടർ ബഹു. സജി ഇളയിടത്ത് അച്ചനോടൊപ്പം യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റ് അംഗങ്ങൾ കണിച്ചാറിലുള്ള ശിശുഭവൻ സന്ദർശിക്കുകയും അരിയും മറ്റ് മധുരപലഹാരങ്ങളും നൽകുകയും ചെയ്തു. ഒപ്പം കഴിഞ്ഞ 4 വർഷം സംഘടനയെ ധീരതയോടെ നയിച്ച് ഉന്നത പഠനത്തിനായി പോയിരിക്കുന്ന ശ്രീ. അമൽ കോക്കണ്ടത്തിന് നന്ദിയും പ്രാർത്ഥനാശംസകളും നേർന്നു. പുതിയ പ്രസിഡന്റ് കുമാരി ഷിനോബി നെടുങ്കല്ലേലിന് ഹൃദ്യമായ സ്വാഗതം.

**പൂളപ്പാടം യൂണിറ്റ്**

യുവജനങ്ങൾ ഇടവകയുടെ നെടുംതൂണുകളാണെന്നും ഇന്നത്തെ ലോകത്തിൽ യുവജനങ്ങളുടെ പ്രസക്തിയെക്കുറിച്ചും യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചും ശക്തിയുക്തം പറഞ്ഞുകൊണ്ട് 16-7-11 ന് യുവജന പ്രസ്ഥാനം യൂണിറ്റിൽ ആരംഭിച്ചു. റവ. ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. "നന്മതിന്മകളെ തിരിച്ചറിയാൻ യുവജനങ്ങൾക്ക് കഴിയണം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജിജി OFM Cap. ക്ലാസ്സെടുക്കുകയും തുടർന്ന് കുമ്പസാരവും ആരാധനയും നടത്തുകയും ചെയ്തു.

17-7-11 ന് യുവജനദിനമായി ആചരിച്ചു. വി. കുർബാനയിൽ കാഴ്ചവെയ്പ്പും മറ്റ് എല്ലാ കാര്യങ്ങൾക്കും യുവജനങ്ങൾ നേതൃത്വം വഹിച്ചു. എല്ലാ ഞായറാഴ്ചകളിലും യുവജനങ്ങൾ ഒന്നുചേർന്ന് ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിച്ചും ദൈവാനുഗ്രഹങ്ങൾ പ്രാപിക്കുവാനുമായി ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**പുതിയിടംകുന്ന് യൂണിറ്റ്**

15-8-11 ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പുതിയിടംകുന്ന് യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജെയ്സ് പൂതക്കുഴി പതാക ഉയർത്തുകയും വി.ബലി അർപ്പിക്കുകയും ചെയ്തു. ആരാധന ക്രമത്തിന് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകുകയും കുർബാന മദ്ധ്യേ

ജീവൻദാന പ്രതിജ്ഞ നടത്തുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ രക്തസാക്ഷിത്വം വരിച്ചവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് "രക്തദാനം ജീവദാനം" എന്ന ലക്ഷ്യത്തോടെ പുതിയിടംകുന്ന് സെന്റ് പോൾസ് എൽ.പി. സ്കൂളിൽ വച്ച് ഉദ്ഘാടന സമ്മേളനം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. എൽബി മാത്യു ഉത്ഘാടനം ചെയ്തു.

റവ.ഫാ. ജെയ്സ് പൂതക്കുഴി ആമുഖ പ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ റവ.ഫാ. ടോമി പുത്തൻപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് സജിൻജോസ് ചാലിൽ, മേഖലാ പ്രസിഡന്റ് ശ്രീ. ജോജോ മംഗലത്ത്, അബ്രാഹം മാസ്റ്റർ, ശ്രീ. ജെയ്സൺ കുഴിവേലിൽ, സി. മരിയ തോമസ് എസ്.എച്ച്, ജോമിഷ അറയ്ക്കൽ എന്നിവർ പ്രസംഗിച്ചു. 'സഞ്ജീവനി 2011' എന്ന പേരിൽ നടത്തിയ രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പിൽ രക്തം ദാനം ചെയ്യാനുള്ള സന്മനസ്സോടെ 200 ഓളം പേർ പങ്കെടുത്തു.

**മണിമൂളി യൂണിറ്റ്**

യുവജനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ദേവാലയവും ദേവാലയ പരിസരങ്ങളും വൃത്തിയാക്കി. മണിമൂളി യൂണിറ്റിലെ യുവജനങ്ങളെപ്പറ്റിയുള്ള സർവ്വേ നടത്തിക്കൊണ്ടിരിക്കുന്നു.

**ചൂരൽമല യൂണിറ്റ്**

ചൂരൽമലയിലെ കെ.സി.വൈ.എം. അംഗങ്ങൾ 10-7-11 ന് യുവജനദിനം സമുചിതമായി ആഘോഷിച്ചു. അംഗങ്ങളുടെ നേതൃത്വത്തിൽ കാഴ്ചവയ്പ്പ് നടത്തി. വി. കുർബാനയ്ക്കുള്ള വായനകൾ, പാട്ട് എന്നിവയ്ക്ക് അംഗങ്ങൾ നേതൃത്വം വഹിച്ചു. റവ.ഫാ. ജോയിസ് യുവജന സന്ദേശം നൽകി. മീറ്റിംഗിനുശേഷം ആനിമേറ്റർ സിസ്റ്റർ മധുരപലഹാരങ്ങൾ വിതരണം ചെയ്തു.

**മരക്കടവ് യൂണിറ്റ്**

മരക്കടവ് സെന്റ് ജോസഫ്സ് ഇടവകയിൽ യുവജനദിനം സമുചിതമായി ആഘോഷിച്ചു. റവ.ഫാ. ജോർജ്ജ് കിഴക്കുംപുറം ഉദ്ഘാടന പ്രസംഗം നടത്തി. ശ്രീ. ജോസ് പള്ളത്ത് ക്ലാസ്സ് നയിച്ചു. സി. ജോയ് മരിയ എസ്.സി.വി., സി. ലിസ്സി ജോസ് എസ്.സി.വി., ഹെഡ്മാസ്റ്റർ തങ്കച്ചൻ വല്ലത്ത്, ശ്രീ. തങ്കച്ചൻ വെട്ടുംകല്ലുംപുറം എന്നിവർ ആശംസകൾ അർപ്പിച്ചു.

**വൈത്തിരി യൂണിറ്റ്**

ആഗസ്റ്റ് 7–ന് സ്വാതന്ത്ര്യദിനത്തിനുമുമ്പുള്ള സാതന്ത്ര്യദിന ക്വിസ് യൂണിറ്റംഗങ്ങൾക്കായി സംഘടിപ്പിച്ചു. സമ്മാനാർഹരെ ആദരിച്ചു. അന്നു തന്നെ ആഴ്ചതോറുമുള്ള വൈത്തിരി ഗവ.താലൂക്കാശുപത്രിയിലെ ഭക്ഷണ വിതരണത്തിന് സഹായിക്കുകയും സഹകരിക്കുകയും ചെയ്തു. 13–ാം തീയതി രൂപതയുടെ ത്രിവർണ്ണം 2011–ൽ യൂണിറ്റിന്റെ സജീവപങ്കാളിത്തം സാന്നിദ്ധ്യത്തിലൂടെ പ്രകടമാക്കി. 14–ാം തീയതി അൾത്തര ബാലൻമാരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കു മാൻസിന്റെ തിരുനാൾ ദിനത്തിൽ യൂണിറ്റ്, ഇടവകയിലെ അൾത്താര ബാലികാ ബാലൻമാരെ ആദരിക്കുകയും സമ്മാനങ്ങൾ കൊടുത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന് ഒരുക്കമായി മാതാവിന്റെ ഗ്രോട്ടോയിലെ രൂപം വൃത്തിയാ ക്കുകയും അലങ്കരിക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് പ്രസിഡന്റ് ജോബിൻ ജോർജ്ജ്, ആനന്ദ്, അഞ്ജലി, സ്റ്റെഫീന, ജോർജ്ജ്, ജോബിൻ, സി. ലൂസി തറപ്പത്ത് എസ്. എച്ച്, റവ. ഫാ. ബിനു പൈനുങ്കൽ എന്നിവർ നേതൃത്വം നൽകി.

സ്നേഹത്തോടെ,

**ഷംജിത്ത് ചേലയ്ക്കൽ**

ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ആഗസ്റ്റ് 12 മുതൽ 15 വരെ നടന്ന കോഴ്സിൽ 87 പേര് പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

| | | |
|---|---|---|
| സെപ്റ്റംബർ 04-07 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 02-05 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഒക്ടോബർ 21-24 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

## ആദരാഞ്ജലികൾ

പയ്യംമ്പള്ളി ഫൊറോന വിമൻസ് കമ്മീഷൻ സെക്രട്ടറി ശ്രീമതി മാർഗ്ഗരറ്റ് ആര്യപ്പള്ളിയുടെ ഭർത്താവ് തോമസ് ആര്യപ്പള്ളിയുടെ ആകസ്മികമായ നിര്യാണത്തിൽ രൂപതാ കുടുംബപ്രേഷിതത്വത്തിന്റെ കീഴിലുള്ള എല്ലാ സംഘടനകളും അനുശോചിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

## കത്തോലിക്കാ മാതൃസംഘടന

2011 ഓഗസ്റ്റ് 16-ാം തീയ്യതി ആറാട്ടുതറ ദേവാലയത്തിൽ വച്ച് മാതൃസംഘടനയുടെയും, വനിതാകമ്മീഷന്റെയും സംയുക്തമായ രൂപതാ എക്സിക്യൂട്ടീവ് ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ ചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി ലിസി ഹൃദ്യമായ സ്വാഗതം ആശംസിച്ചു. സെക്രട്ടറിയുടെ റിപ്പോർട്ടവതരണത്തിനുശേഷം ശാഖകളിൽ നടത്തേണ്ട ബോധവൽക്കരണ ക്ലാസിനുള്ള വിഷയങ്ങൾ ചർച്ചചെയ്തു ആശയങ്ങൾ പങ്കുവച്ചു. അടുത്ത മീറ്റിംഗി

ലേക്ക് ക്ലാസ് അവതരണത്തിനുള്ള വിഷയം ആസ്പദമാക്കി നോട്ടു തയ്യാറാക്കുവാനും തീരുമാനിച്ചു. തുടർന്ന് ഷൈനി ഇളപ്പുപാറ ഏവർക്കും നന്ദി പറഞ്ഞ് യോഗം സമാപിച്ചു. തുടർന്ന് ശ്രീമതി മാർഗ്ഗരറ്റ് ആര്യപ്പള്ളിയുടെ ഭർത്താവിന്റെ ആത്മശാന്തിക്കായി ബഹു. ഡെന്നീസച്ചന്റെ നേതൃത്വത്തിൽ വി. ബലിയർപ്പണവും ഒപ്പീസും നടത്തുകയും അവരുടെ ഭവനം സന്ദർശിച്ച് ദു:ഖാർത്തരായ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് സെപ്റ്റംബർ 13 ന് 10 മണിക്ക്.

### വനിതകൾക്ക് മാതൃസംഘടന ഒരുക്കുന്ന സാഹിത്യമത്സരങ്ങൾ

ഇടവകാതലത്തിലെ വനിതകൾക്കുവേണ്ടിയുള്ള സാഹിത്യമൽസരങ്ങൾ ഇതിനോടകം പൂർത്തിയായിരിക്കുമല്ലോ. ഫൊറോനാ തല മൽസരങ്ങൾ സെപ്റ്റംബർ മാസത്തിൽ ആണ് എന്ന കാര്യം പ്രത്യേകം ഓർക്കുക. ഇടവകാതല മൽസരത്തിന്റെ വിഷയങ്ങൾ തന്നെയായിരിക്കും ഫൊറോനാ തല മൽസരങ്ങളുടെ വിഷയങ്ങൾ

ഉപന്യാസം: കുടുംബം ദൈവത്തിന്റെ സ്വപ്നം!
കുഞ്ഞുങ്ങൾ ജനിക്കട്ടെ, ലോകം ആനന്ദിച്ചുല്ലസിക്കട്ടെ!
കഥ: ജീവൻ ദൈവത്തിന്റെ ദാനം –
നിന്റെ സഹോദരൻ എവിടെ ? !
കവിത: സ്ത്രീകൾ ജീവന്റെ സംരക്ഷകർ.

ഫൊറോനാതല മൽസരങ്ങൾക്കുവേണ്ട ക്രമീകരണങ്ങൾ– തീയ്യതി, സമയം, സ്ഥലം എന്നിവ അറിയേണ്ടവർ ഫൊറോന ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർമാരുമായി ബന്ധപ്പെടുക. രൂപതാതല മൽസരങ്ങൾ October 22–ന് ദ്വാരകപാസ്റ്ററൽ സെന്ററിൽ വെച്ചായിരിക്കും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

### തരിയോട് ശാഖ

തരിയോട് ഫൊറോനാ ദേവാലയത്തിൽ വെച്ച് 10–ന് അമ്മമാർക്കായി സെമിനാർ സംഘടിപ്പിച്ചു. അസി.ഡയ. റവ.ഫാ. ജിനോജ് പാലത്തടത്തിൽ ക്ലാസ്സുകൾ നയിച്ചു. കുടുംബത്തിലും, സമൂഹത്തിലും അമ്മയുടെ ദൗത്യത്തെക്കുറിച്ച് ബഹു. അച്ചൻ അമ്മമാരെ ഓർമ്മിപ്പിച്ചു. ഇടവകയിലെ 160 അമ്മമാർ സെമിനാറിൽ സംബന്ധിച്ചു.

### പൂളപ്പാടം ശാഖ

29–ന് പൂളപ്പാടം ഇടവകയിൽ റവ. ഫാ. ബിനു വടക്കേൽ അമ്മമാർക്ക് ക്ലാസ്സെടുത്തു. ഇന്നത്തെ കാലഘട്ടത്തിൽ അമ്മമാർ കുഞ്ഞുങ്ങളെ എങ്ങനെ വളർത്തണമെന്നും, അവർ നടന്നു നീങ്ങുന്ന വഴികൾ എങ്ങനെയുള്ളതാണെന്നും തിന്മയുടെ വഴിയിൽ നടന്നു നീങ്ങുന്ന

കുഞ്ഞുങ്ങളെ നന്മയുടെ മാർഗ്ഗത്തിൽ എങ്ങനെ കൈപിടിച്ചുനടത്ത ണമെന്നും ഉദാഹരണങ്ങളിലൂടെയും സിഡിയിലൂടെയും വ്യക്തമാക്കി. - ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള ബന്ധം, മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധം, സഹോദരങ്ങൾ തമ്മിലുള്ള ബന്ധം, സാമൂ ഹികമായ ബന്ധം ഇവയായിരുന്നു ക്ലാസ്സിലെ പ്രധാനാശയങ്ങൾ. എല്ലാ വ്യാഴാഴ്ചകളിലും അമ്മമാർ ആരാധന നടത്തുന്നു. വെള്ളിയാഴ്ച കളിൽ പരി. അമ്മയോട് ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നു. മാസത്തിലെ രണ്ടാം ശനിയാഴ്ചകളിൽ പള്ളിയും പരിസരവും അമ്മ മാർ വൃത്തിയാക്കുന്നു. എല്ലാപ്രവർത്തനങ്ങളിലൂടെയും അമ്മമാർ സജീ വമായി മുന്നോട്ട് പോകുന്നു.

**കൽപ്പറ്റ ശാഖ**

പുതുതായി തിരഞ്ഞെടുത്ത ഭാരവാഹികൾ

| | |
|---|---|
| ഡയറക്ടർ | - റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ |
| ആനിമേറ്റർ | - സി. ലിന്റാ പീറ്റർ |
| പ്രസിഡണ്ട് | - ശ്രീമതി മോളി ജോസഫ് വട്ടക്കുന്നേൽ |
| വൈസ് പ്രസി. | - ശ്രീമതി മോളി ജിസ് റോസറി വില്ല |
| സെക്രട്ടറി | - ശ്രീമതി ഡയാന തോമസ് കുന്നൂപ്പറമ്പിൽ |
| ജോ. സെക്ര | - ശ്രീമതി സാലി ജോസ് പൈനാടത്ത് |
| ട്രഷർ | - റോസ് മേരി ചെമ്മനാംതടത്തിൽ |

**ഏലപ്പീടിക ശാഖ**

08 ന് റവ.ഫാ. സജി കൊച്ചുപാറയുടെ നേതൃത്വത്തിൽ ആനിമേറ്റർ സി.ജോസ്നയുടെ സാന്നിധ്യത്തിൽ പ്രസി. ശ്രീമതി ലിസി മംഗല ത്തിന്റെ അദ്ധ്യക്ഷതയിൽ ശാഖ എക്സിക്യൂട്ടീവ് കൂടി. പ്രാർത്ഥന യോടെ ആരംഭിച്ച യോഗത്തിൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വാർഡ്തലത്തിൽ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനെപ്പറ്റി എക്സിക്യൂട്ടീവ് അംഗങ്ങൾ ശക്തമായ തീരു മാനമെടുത്തു. രോഗീസന്ദർശനം നടത്തി, പള്ളിയും പരിസരവും വൃത്തി യാക്കി. 05 -ന് വികാരിയച്ചന്റെ നേതൃത്വത്തിൽ വാർഡ് പ്രതിനിധികളെ ഉൾപ്പെടുത്തിയുള്ള എക്സിക്യൂട്ടീവ് കൂടി. 32 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ വികാരിയച്ചൻ കുടുംബജീവിതത്തെപ്പറ്റിയും മാതൃസംഘ ടനയുടെ കൂട്ടായ്മയെപറ്റിയും സന്ദേശം നൽകി. തുടർന്ന് ശാഖയിൽ നടത്താനിരിക്കുന്ന സാഹിത്യമൽസരത്തെപറ്റിയും, സ്വർഗ്ഗാരോപണതി രുന്നാളിന്റെ കാഴ്ചവെയ്പ് അന്ന് നടത്താനിരിക്കുന്ന വാർഷികത്തെ പറ്റിയും ഓണാഘോഷപരിപാടികളെപറ്റിയും ചർച്ചനടത്തി തീരുമാന മെടുത്തു. നന്ദിയോടെ യോഗം അവസാനിച്ചു.

**ഇടിവണ്ണ ശാഖ**

ശാഖാ ഡയ. ബഹു. ജിൽസൻ അച്ചന്റെയും, ആനിമേറ്റർ സി.ഹെലന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നു. 27 ന് ശാഖാ എക്സിക്യൂട്ടീവ് കൂടുകയുണ്ടായി. 30 ന് പൊതുയോഗവും മിഷൻ ലീഗിന്റെ രൂപതാ ആനിമേറ്റർ സി. ലിസാ അലക്സിന്റെ ക്ലാസ്സും ഉണ്ടായിരുന്നു. 'കുടുംബത്തിൽ അമ്മ ഒരു നിധി'എന്നതായിരുന്നു ക്ലാസ്സിന്റെ സാരാംശം. 2 ന് ശാഖാ എക്സിക്യൂട്ടീവ് കൂടുകയുണ്ടായി. 2011 ഡിസംബർ വരെയുള്ള ശാഖയുടെ മാർഗ്ഗരേഖ തയ്യാറാക്കി. അതനുസരിച്ച് ജൂലൈ മാസം പൊതുയോഗം, സെമിനാർ എന്നിവ സംഘടിപ്പിച്ചു. ഓഗസ്റ്റ് 15 ന് എക്സിക്യൂട്ടീവ് അംഗങ്ങൾ കാഴ്ചവെപ്പു നടത്തുകയും പരി.അമ്മയുടെ സ്വർഗ്ഗാരോപണതിരുന്നാൾ ആഘോഷമായി നടത്തുകയും ചെയ്തു. വി. അൽഫോൻസാമ്മയുടെ തിരുന്നാളിൽ അമ്മമാരുടെ നേതൃത്വത്തിൽ നേർച്ച ഭക്ഷണം കൊടുത്തു. 2 ന് ദേവാലയവും പരിസരവും വൃത്തിയാക്കി.

**പയ്യംമ്പള്ളി മേഖല**

പയ്യംമ്പള്ളി മേഖലാ മാതൃസംഘടനയുടെ ഡയറക്ടറായി ചുമതലയേറ്റെടുത്ത ബഹു. ചാക്കോ വാഴക്കാലായിലച്ചന് സേവനരംഗത്ത് ദൈവാനുഗ്രഹങ്ങളും വിജയാശംസകളും സ്നേഹപൂർവ്വം നേരുന്നു. മേഖലാ ഡയ. ബഹു. ചാക്കോ വാഴക്കാലായിലച്ചന്റെ നേതൃത്വത്തിൽ 11 ന് ആറാട്ടുതറ ഇടവകയിൽ വെച്ച് മേഖല എക്സിക്യൂട്ടീവ് ചേർന്നു. 11 അംഗങ്ങൾ പങ്കെടുത്ത മീറ്റിംഗിൽ പ്രർത്ഥനയ്ക്ക് ശേഷം ബഹു. ചാക്കോച്ചനച്ചൻ കുടുംബത്തിലും സമൂഹത്തിലും സഭയിലുമെല്ലാം വിജയം ലഭിക്കണമെങ്കിൽ ഐക്യമുണ്ടാകണമെന്നും യേശുവുമായുള്ള ഐക്യം പ്രാർത്ഥനയിലൂടെ കൈവരിക്കണമെന്നും വചനാടിസ്ഥാനത്തിൽ സന്ദേശം നൽകി. ഓഗസ്റ്റ് 25 ന് ആറാട്ടുതറ ഇടവകയിൽ വെച്ച് സി.ആലീസ് നയിക്കുന്ന ബോധവൽക്കരണ ക്ലാസോടുകൂടി ഒരു സെമിനാർ നടത്തുവാനും അന്നേദിവസം മേഖലാതല ലോഗോസ് ക്വിസും ഉച്ചയ്ക്കുശേഷം ശാഖാ ആനിമേറ്റേഴ്സ് സംഗമവും നടത്താൻ തീരുമാനിച്ചു. മീറ്റിംഗിൽ ഫിലോ ചേലയ്ക്കൽ സ്വാഗതവും ആനിമേറ്റർ സി. മരിയറ്റ നന്ദിയും അർപ്പിച്ചു. മീറ്റിംഗിനുശേഷം ബഹു. ചാക്കോച്ചനച്ചന്റെ നേതൃത്വത്തിൽ ശ്രീമതി മാർഗ്ഗരറ്റ് ആര്യപ്പള്ളിയുടെ ഭവനം സന്ദർശിച്ച് ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. വനിതകൾക്കായുള്ള സാഹിത്യരചനാ മത്സരങ്ങൾ മേഖലാതലത്തിൽ നടത്തുന്നത് സെപ്റ്റംബർ 17-ന് ഒണ്ടയങ്ങാടി ഇടവകയിൽ വെച്ച് 10.30 ന് ആയിരിക്കും

**വൈത്തിരി ശാഖ**

ജൂലൈ 29 ന് ഇടവകയിലെ മാതൃസംഘാംഗങ്ങൾ ഒരുമിച്ചു കൂടുകയും ഓഗസ്റ്റ് മാസത്തേക്കുള്ള പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. ഓഗസ്റ്റ് 11-ന് മാതൃസംഘങ്ങൾ പള്ളിയും പരിസരവും പള്ളിമുറിവൃത്തിയാക്കുന്ന ജോലിയും ഏറ്റെടുത്തു നടത്തുകയും അതിലൂടെ ശാഖാ ഫണ്ടിലേക്കുള്ള കളക്ഷൻ സ്വീകരിക്കുകയും ചെയ്തു. ഓഗസ്റ്റ് 13 ന് എല്ലാ അമ്മമാർക്കും വേണ്ടി ഒരു അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. സെമിനാറിന് നേതൃത്വം കൊടുത്ത ശ്രീ.ജോസ് പുന്നക്കുഴി സാറിനെ ഹൃദയപൂർവ്വം നന്ദിയോടെ ഓർക്കുന്നു. തുടർന്ന് വി. മോനിക്കയുടെ മാദ്ധ്യസ്ഥ്യം യാചിച്ച് അമ്മമാർക്കുവേണ്ടി അർപ്പിച്ച ദിവ്യബലിയോടെയും ശേഷമുള്ള ചായസൽക്കാരത്തോടെയും സെമിനാറിന് സമാപ്തികുറിച്ചു. ഇതിന് നേതൃത്വം കൊടുത്തത് യൂണിറ്റ് ഡയറക്ടർ റവ. ഫാ.ബിനു പൈനുങ്കൽ, ആനിമേറ്റർ സി. റീത്തമരിയ, ആലീസ് ഉതിമൂട്ടിൽ എന്നിവരാണ്.

**ആറാട്ടുതറ ശാഖ**

12-ന് ആറാട്ടുതറ ഇടവകയിലെ മാതൃസംഘടനായോഗം ബഹു. ചാക്കോച്ചൻ വാഴക്കാലായുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീമതി ഷിജി സാബു യോഗത്തിന് സ്വാഗതം പറഞ്ഞു. അവനവന്റെ വിളി മനസ്സിലാക്കി തൃപ്തിയോടെ, സന്തോഷത്തോടെ ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റി മുന്നോട്ടു പോകണമെന്നും അച്ചൻ സൂചിപ്പിച്ചു. ഇടവകയിലെ രോഗികളായി കഴിയുന്നവരെ സന്ദർശിക്കുവാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ ക്യാൻസർ രോഗിയായി കഴിയുന്ന ചിന്നമ്മ ഇളപ്പുപാറയെ സന്ദർശിച്ചു പ്രാർത്ഥിച്ചു. എല്ലാ മാസവും രണ്ടാം ശനിയാഴ്ച 3 മണിക്ക് മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചു. ഓഗസ്റ്റ് 21 ന് ആറാട്ടുതറ പള്ളിയിൽ വെച്ച് സാഹിത്യമൽസരവും 25 ന് മേഖലാസെമിനാറും നടത്താനും തീരുമാനിച്ചു. ശ്രീമതി വിൻസി ഇളപ്പുപാറ നന്ദി പറഞ്ഞ് യോഗം പിരിഞ്ഞു.

**മരിയൻ സിംഗിൾസ്**

23-ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു 15 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 6 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

"ഞാൻ എന്റെ ദൈവത്തിന് ഒരു പുതിയ കീർത്തനം ആലപിക്കും; കർത്താവേ അങ്ങ് ഉന്നതനും മഹിമയാർന്നവനുമല്ലോ; അത്ഭുത പരാക്രമിയും അജയ്യനുമല്ലോ. അങ്ങയുടെ സൃഷ്ടികളെല്ലാം അങ്ങയെ സേവിക്കട്ടെ; അങ്ങു കൽപ്പിച്ചു, അവ ഉളവായി. അവിടുന്ന് ആത്മാവിനെ അയച്ചു, അത് അവയ്ക്കു രൂപമേകി അവിടുത്തെ സ്വരം അപ്രതിരോധ്യമാണ്" (യൂദിത്ത് 16:13-14)

## സോണൽ മീറ്റിംഗ്

2011 ആഗസ്റ്റ് 5 ആദ്യവെള്ളി 56 ശുശ്രൂഷകർ ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ പാറയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ സിയോൻ ചാപ്പലിൽ ചേർന്നു. 10-11.30 വരെ ജപമാല സി.മരിയ ജെയിംസ് CMC യും ആരാധന ശ്രീ. ജോർജ്ജ് കൈനിക്കുന്നേലും നയിച്ചു. 11.30 ന് ശ്രീ.ജോസ് കളപ്പുര 'മാനസാന്തരം' എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് എടുത്തു. 12 മണിക്ക് ബഹു. ജോർജ്ജ് മേമനയച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനും വിശ്രമത്തിനും ശേഷം കോ-ഓർഡിനേറ്റർ ശുശ്രൂഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ശ്രദ്ധയിൽ പെടുത്തി. തുടർന്നുള്ള സന്ദേശത്തിൽ ബഹു. പാറയിൽ അച്ചൻ "മുട്ട ഉള്ളിൽ നിന്നും പൊട്ടിയാലേ ജീവനുണ്ടാകൂ". ഉള്ളിൽ നിന്നാണ് മാനസാന്തരം ഉണ്ടാകേണ്ടത് ഉള്ളിൽ നിന്നു ദൈവാത്മാവിന്റെ പ്രചോദനം ഉൾക്കൊണ്ട് ജീവിക്കുമ്പോഴാണ് നമ്മിൽ മാറ്റം വരുക അച്ചൻ പറഞ്ഞു.

പിന്നീട് പുതുതായി വന്ന പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സിനെ പരിചയപ്പെടുത്തി. ജീവജ്വാലാ ടീം പ്രാർത്ഥനാ ഗ്രൂപ്പ് ലീഡേഴ്സ് എന്നിവരുടെ മീറ്റിംഗും സർവ്വീസ് ടീം മീറ്റിംഗും ഇന്നുണ്ടാകും എന്നറിയിച്ചു. 6 pm വരെ ശുശ്രൂഷകർ എൽഡറിംഗിനും പാസ്റ്ററിംഗിനുമായി വിനിയോഗിച്ചു.

**ജാഗരണ പ്രാർത്ഥന**

6 pm ജപമാല 6.30 ന് വി. ബലി ബഹു. പാറയിൽ അച്ചൻ അർപ്പിച്ചു. സിയോൻ മ്യൂസിക് ടീമും ശുശ്രൂഷകരും ചേർന്ന് 12 മണി വരെ പ്രാർത്ഥന നയിച്ചു. ജാഗരണപ്രാർത്ഥന അനുഗ്രഹമായിരുന്നു.

**ആദ്യശനി ഏകദിന കൺവെൻഷൻ**

6 am ന് ശുശ്രൂഷകർ മാതൃസന്നിധിയിൽ എത്തി. ജപമാല ചൊല്ലി സിയോനു ചുറ്റും നടന്ന് പ്രാർത്ഥിച്ചു. ബഹു. പാറയിൽ അച്ചൻ ശുശ്രൂഷകർക്ക് വചനസന്ദേശം നൽകി പ്രാർത്ഥിച്ച് ശക്തീകരിച്ചു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.30–ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന ഇവയ്ക്കുശേഷം 11–12 വരെ കുടുംബജീവിതത്തെപ്പറ്റി വചനം പങ്കുവെച്ചത് നോർബർട്ടൈൻ സഭാംഗമായ ബഹു. തോമസ് അറയ്ക്കൽ അച്ചനാണ് 12 മണിക്ക് ബഹു. പാറയിൽ അച്ചൻ വി.ബലി അർപ്പിച്ച് വചന സന്ദേശം നൽകി. ലഘുഭക്ഷണം, അനുഭവസാക്ഷ്യങ്ങൾ ഇവയ്ക്കുശേഷം ദിവ്യകാരുണ്യ ആരാധനയും സൗഖ്യപ്രാർത്ഥനയും ദിവ്യകാരുണ്യ പ്രദിക്ഷണവും നടത്തി. ക്രിസ്റ്റീൻ മക്കൾക്കായി സിയോൻ ചാപ്പലിൽ ശുശ്രൂഷകൾ ഉണ്ടായിരുന്നു. കുമ്പസാരത്തിനും കൗൺസിലിംഗിനും അവസരം ഒരുക്കി. 3.15 ന് ശുശ്രൂഷകൾ അവസാനിച്ചു.

**രണ്ടാംശനി ശുശ്രൂഷകൾ**

**യുവജനകൂട്ടായ്മ 13–8–2011**

50 യുവജനങ്ങൾ കൂട്ടായ്മയിൽ പങ്കെടുത്തു. കുമ്പസാരം, കൗൺസിലിംഗ്, ജപമാല, സ്തുതിആരാധന എല്ലാം യുവജനങ്ങളുടെ ആത്മീയജീവിതത്തെ പരിപോഷിപ്പിച്ചു. ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ചു. അച്ചനും യൂത്ത് ടീമും ചേർന്ന് ശുശ്രൂഷകൾ നയിച്ചു.

**പൊതുകൗൺസിലിംഗ്**

പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് രാവിലെ 9.30 മുതൽ ശുശ്രൂഷ ആരംഭിച്ചു. 60 പേർ വന്ന് കൗൺസിലിംഗ് നടത്തി സൗഖ്യവും സമാധാനവും നേടി. മാനസാന്തരത്തിലേക്കും ആത്മീയജീവിതത്തിലേക്കും കടന്നു വരുവാൻ കൗൺസിലിംഗ് സഹായകമായി.

**ദമ്പതികൂട്ടായ്മ**

കോ–ഓർഡിനേറ്റർ ശ്രീ. ജോസഫ് തോട്ടുപുറത്തിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ 36 ദമ്പതികൾ സമ്മേളിച്ചു.

ജപമാല നയിച്ചത് ശ്രീ. ജെയിംസ് അമ്പലത്തറയാണ്. ശ്രീ. പോൾസൺ വലിയമറ്റം ക്ഷമയെപ്പറ്റി ക്ലാസ്സെടുത്തു. പ്രാർത്ഥനയും കൂദാശാ സ്വീകരണവും വഴി ക്ഷമിക്കുന്ന സ്നേഹം പരിശീലിക്കുവാൻ സാധിക്കും എന്ന് അദ്ദേഹം അനുസ്മരിപ്പിച്ചു. 12.15 ന് ബഹു. ജോസഫ് നന്തികാട്ടച്ചൻ വി. ബലി അർപ്പിച്ചു. ഉച്ചക്കുശേഷം ഗ്രൂപ്പ് ഷെയറിംഗും ആരാധനയും നടത്തി. സി. ലിന്റാ FCC ഗാനശുശ്രൂഷയും ശ്രീ. സണ്ണി പേര്യക്കോട്ടിൽ നന്ദിയും പറഞ്ഞു. 4 pm ന് ബഹു. പാറയിൽ അച്ചന്റെ സമാപനാശീർവ്വാദത്തോടെ കൂട്ടായ്മ അവസാനിച്ചു.

**മൂന്നാംവെള്ളി സൗഖ്യദിനം 19-8-2011**

10 am ന് സിയോൻ ചാപ്പലിൽ സൗഖ്യദിന ശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യകാരുണ്യനാഥനെ അൾത്താരയിൽ പ്രതിഷ്ഠിച്ചു. ജപമാല വിവിധ നിയോഗങ്ങളുമായി സമർപ്പിച്ചു. ശ്രീ. ചാക്കോച്ചൻ പുത്തൻപുര ആരാധന നയിച്ചു. 12 മണിക്ക് ബഹു. ജോർജ്ജ് മേമന അച്ചൻ വി.ബലി അർപ്പിച്ചു. സൗഖ്യപ്രാർത്ഥന നടത്തി.

**ജാഗരണ പ്രാർത്ഥന മൂന്നാംവെള്ളി**

6 pm- 5 am വരെ സിയോൻ ശുശ്രൂഷകർ സിയോൻ ചാപ്പലിൽ ജാഗരണപ്രാർത്ഥന നടത്തി.

**സിയോൻ സെപ്റ്റംബർ മാസത്തിൽ**

| | | |
|---|---|---|
| 2 ആദ്യ വെള്ളി | - | സോണൽ മീറ്റിംഗ്, ജാഗരണ പ്രാർത്ഥന |
| 3 ആദ്യ ശനി | - | കൺവെൻഷൻ, |
| | - | കൗൺസിലിംഗ്, |
| | - | ക്രിസ്റ്റീൻ പ്രോഗ്രാം |
| 9 രണ്ടാം വെള്ളി | - | കൗൺസിലേഴ്സ് & ജീസസ്സ് യൂത്ത് ജാഗരണപ്രാർത്ഥന |
| 10 രണ്ടാം ശനി | - | പൊതുകൗൺസിലിംഗ് |
| | - | ദമ്പതീ കൂട്ടായ്മ, |
| | - | യുവജനകൂട്ടായ്മ |
| 16 മൂന്നാം വെള്ളി | - | സൗഖ്യദിനം |
| 6 p.m. -5 a.m. | - | ജാഗരണ പ്രാർത്ഥന |
| 30 മാസാവസാന വെള്ളി | - | ജാഗരണ പ്രാർത്ഥന (സുവിശേഷമുന്നണി) |

**ജീസസ് യൂത്ത് ഒരുക്കുന്ന യുവജനധ്യാനം-"DEEP in CHRIST"**

+1, +2, കോളേജ് വിദ്യാർത്ഥികൾക്ക് 2011 ഒക്ടോബർ 4 മുതൽ 9 വരെ ദ്വാരക സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് ധ്യാനം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 400 രൂപ.

ബുക്കിംഗിന്: 04935-240922, 9446889469, 9947903459

**ക്രിസ്റ്റീൻ ധ്യാനങ്ങൾ**

2011 ജൂൺ 12-ാം തീയതി ഞായറാഴ്ച സെന്റ് തോമസ് ചർച്ച്, ഒഴുക്കൻമൂലയിൽ ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടന്നു. നാല് മുതൽ +2 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ പങ്കെടുത്ത ധ്യാനം രാവിലെ 10 മണിക്ക് വി.കുർബാനയോടെ ആരംഭിക്കുകയും വൈകിട്ട് 4 മണിക്ക് ദിവ്യകാരുണ്യ ആരാധനയോടുകൂടെ സമാപിക്കുകയും ചെയ്തു. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചൻ, ബൈജു ജോസ് കൊച്ചുകുടിയിൽ എന്നിവർ ക്ലാസുകൾ നയിച്ചു.

അടയ്ക്കാത്തോട് ഇടവകയിൽ വെച്ച് 2011 ജൂലൈ 23, 24 തീയതികളിൽ ജീസസ് യൂത്ത് ടീം നയിച്ച ധ്യാനത്തിൽ ഇടവകയിലെ 4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ പങ്കെടുത്തു. ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചനും സി.അനിജ CMC, സി. സാൽവി SKD എന്നിവരും ക്ലാസുകൾ നയിച്ചു. വിനീഷ് കോട്ടായിൽ, ഹാറ്റിൻ, ലിജോ എരമഗലം, ലിറ്റിന. പി. ജോർജ്ജ്, അരുൺ മഠത്തിൽ, ലിയ കുന്നുംപുറത്ത് എന്നീ ടീം അംഗങ്ങളും പങ്കെടുത്തു.

2011 ജൂലൈ 30, 31 തീയതികളിൽ സെന്റ് മാർട്ടിൻ ചർച്ച് അമ്പലവയലിൽ വെച്ച് ജീസസ് യൂത്ത് ഡയറക്ടർ ബഹു. മനോജ് കാക്കോനാൽ അച്ചന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് ടീം നയിച്ച ധ്യാനത്തിൽ ഇടവകയിലെ 5 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾ പങ്കെടുത്തു.

2011 ആഗസ്റ്റ് 13, 14, 15 തീയതികളിൽ സെന്റ് ജോസഫ്സ് ചർച്ച് നരിവാലമുണ്ട ഇടവകയിൽ വെച്ച് ജീസസ് യൂത്ത് ടീമിന്റെ നേതൃത്വത്തിൽ 4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 170 ഓളം കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം നടന്നു. ജീസസ് യൂത്ത് ഡയറക്ടറായ റവ. ഫാ. മനോജ് കാക്കോനാൽ, സി. റ്റീന SH, സി. സാൽവി SKD, ജെന്നി കുന്നേൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. സെബാസ്റ്റ്യൻ പാറയിൽ**

സിയോൻ ഡയറക്ടർ

**ഫാ. മനോജ് കാക്കോനാൽ, ഫാ. മാത്യു കറുത്തേടത്ത്**

## വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ,

സെപ്റ്റംബർ മാസം വിൻസെൻഷ്യൻ അംഗങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേക പ്രാധാന്യമർഹിക്കുന്ന മാസമാണല്ലോ. സെപ്റ്റംബർ 8–ന് പരി.അമ്മയുടെ പിറവിത്തിരുനാളും സെപ്റ്റംബർ 9–ന് സംഘടനയുടെ സ്ഥാപകൻ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെ തിരുനാളും സെപ്റ്റംബർ 27–ന് സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.വിൻസെന്റ് ഡി പോളിന്റെ തിരുനാളുമാണെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ വാഴ്ത്തപ്പെട്ട ഫെഡറിക് ഓസാനാമിന്റെയും വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളിനോടനുബന്ധിച്ച് നൊവേന ചൊല്ലി പ്രാർത്ഥിക്കുകയും തിരുനാൾ ദിവസങ്ങളിൽ കുർബാന ചൊല്ലിക്കുകയും പ്രത്യേകമായി ദത്തുകുടുംബങ്ങളെയും സഹായാംഗങ്ങളെയും ക്ഷണിച്ച് തിരുനാളുകളിൽ പങ്കെടുപ്പിക്കുകയും ഏതെങ്കിലും ഒരു ദിവസം സംയുക്ത മീറ്റിംഗ് നടത്തുകയും ചെയ്യാവുന്നതാണ്.

### 23–7–2011 ലെ സി.സി.യോഗം

23–7–11 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്ന സി.സി. യോഗത്തിൽ സി.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ. ജോർജ് മേമന പങ്കെടുക്കുകയും എല്ലാ വിൻസെന്റ് ഡി പോൾ അംഗങ്ങളും ഒരു ധ്യാനത്തിൽ പങ്കെടുത്ത് പുതിയ ആത്മീയ ചൈതന്യത്തോടെ പ്രവർത്തന പഥത്തിലേയ്ക്ക് ഇറങ്ങണമെന്നും ആഹ്വാനം ചെയ്തു. ആത്മീയോപദേഷ്ടാവിന്റെ നിർദ്ദേശം സ്വീകരിച്ച്, ഒക്ടോബർ മാസത്തിൽ ധ്യാനം നടത്താൻ യോഗം തീരുമാനിച്ചു. തീയതി എ.സി.കൾ മുഖാന്തരം അറി

യിക്കുന്നതാണ്. മൂന്നു ദിവസം താമസിച്ചുള്ള ധ്യാനമാണ് പ്ലാൻ ചെയ്തിരിക്കുന്നത്. താല്പര്യമുള്ളവരുടെ പേര് വിവരം എ.സി., സി.സി. പ്രസിഡന്റുമാരെയോ ഓഫീസിലോ ഉടനെ അറിയിക്കേണ്ടതാണ്.

നമ്മുടെ നിയമാവലിയുടെ 8–ാം വകുപ്പിലേയ്ക്ക് എല്ലാ എ.സി. പ്രസിഡന്റുമാരുടെയും ശ്രദ്ധ ക്ഷണിക്കുന്നു. വകുപ്പ് 8.2 പ്രകാരം കോൺഫ്രൻസ് പ്രസിഡന്റിന്റെ കാലാവധി 3 വർഷമാണെങ്കിലും അടുത്ത 3 വർഷത്തേയ്ക്ക് കൂടി അദ്ദേഹത്തെതന്നെ വീണ്ടും തെരഞ്ഞെടുക്കാവുന്നതാണ്. അതുകൊണ്ട് ഇപ്പോൾ 3 വർഷക്കാലാവധി കഴിഞ്ഞ കോൺഫ്രൻസ് പ്രസിഡന്റുമാരുടെ കോൺഫ്രൻസിൽ ഉടനെ തന്നെ തെരഞ്ഞെടുപ്പ് നടത്തുകയും സി.സി. ഓഫീസിൽ വിവരം അറിയിക്കുകയും വേണം. അതുപോലെ തന്നെ നിയമാവലിക്കനുസൃതമായി എ.സി. പ്രസിഡന്റ് തെരഞ്ഞെടുപ്പും നടത്തേണ്ടതാണ്.

**KRCC യോഗം**

സൊസൈറ്റിയുടെ കേരള റീജിയണൽ കൗസിലിന്റെ യോഗം ആഗസ്റ്റ് 13, 14 തീയതികളിൽ തൃശൂർ കുറ്റൂർ സിയോൻ സെന്ററിൽ വെച്ച് നടക്കുകയുണ്ടായി. സിസിയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ബ്ര. തോമസ് മാങ്ങൻ പങ്കെടുത്തു. മുൻ സാഗർ രൂപതാബിഷപ്പ് മാർ ജോസഫ് നീലങ്കാവിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. KRCC കോർഡിനേറ്റർ ബ്ര. ബേബി തെക്കൻ അധ്യക്ഷനായ യോഗത്തിൽ സംസ്ഥാന കൗൺസിൽ ആത്മീയോപദേഷ്ടാവ് റവ. ഫാ. വർഗ്ഗീസ് കാട്ടുപറമ്പിൽ മുഖ്യസന്ദേശം നൽകി. വിശ്വാസരാഹിത്യം സഭയെ വേട്ടയാടിയിരുന്ന കാലഘട്ടത്തിൽ ഉപവിപ്രവർത്തനങ്ങളിലൂടെ വിശ്വാസം പ്രഘോഷണം നടത്തുവാനുള്ള കർമ്മപരിപാടി ആവിഷ്ക്കരിച്ച് SSVP ക്ക് രൂപം നൽകിയ ഫെഡറിക്കിനെപോലെ ഇന്നത്തെ പ്രവർത്തകാംഗങ്ങൾക്കും സഭാവിശ്വാസികളെ നേർവഴിക്ക് നയിക്കേണ്ട ചുമതല ഉണ്ടെന്ന് അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ ഊന്നി പറഞ്ഞു. തുടർന്ന് ആത്മീയോപദേഷ്ടാവിന്റെ സുദീർഘമായ പഠനക്ലാസിൽ മാതൃകാപരമായി ജീവിക്കേണ്ടതിന്റെ പ്രസക്തി എടുത്ത് പറഞ്ഞു.

**യുവജനമത്സരങ്ങൾ**

2011 ജനുവരിയിൽ 18 നും 30 നും ഇടയിൽ പ്രായമുള്ള യുവജനങ്ങൾക്കായി സി.സി. തലത്തിൽ പ്രസംഗം, കവിത, ഉപന്യാസം, ക്രിസ്തീയ ഭക്തി ഗാനം, ക്വിസ് എന്നിങ്ങനെ 5 ഇനങ്ങളിലായി മത്സരം

സംഘടിപ്പിക്കുന്നതാണ്. പ്രസംഗം, ഉപന്യാസം, കവിതാരചന എന്നിവയ്ക്കുള്ള വിഷയങ്ങൾ ഒരു മണിക്കൂർ മുമ്പ് നൽകും. ക്വിസ് മത്സരത്തിന് വിഷയം നിയമാവലി, കേരള സഭാചരിത്രം, ലൂക്കാ സുവിശേഷം 10 മുതൽ 19 വരെ അധ്യായങ്ങൾ എന്നിവ ആയിരിക്കും. ക്വിസ് മത്സരം മാർക്ക് താഴെ പറയും പ്രകാരമാണ്.

ലൂക്കാ സുവിശേഷം -10 to 19 വരെ. 10 ചോദ്യം - 20 മാർക്ക്
ഫെഡറിക് ഓസാനാം നിയമാവലി - 10 ചോദ്യം - 20 മാർക്ക്
നിയമാവലിയിൽ നിന്ന് 15 ചോദ്യം - 30 മാർക്ക്
വി.വിൻസെന്റ് നിയമാവലിയിൽനിന്ന് 5 ചോദ്യം -10 മാർക്ക്
കേരളാസഭാചരിത്രം 10 ചോദ്യം - 20 മാർക്ക്.

ഈ ക്രമത്തിൽ 50 ചോദ്യങ്ങൾക്ക് 100 മാർക്ക്. മുഴുവൻ യുവജനങ്ങൾക്കും പങ്കെടുക്കാവുന്നതാണ്. ഒരാൾക്ക് 3 ഇനം നിജപ്പെടുത്തിയിരിക്കുന്നു. നടത്തിപ്പു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അടുത്ത സിസി യോഗത്തിൽ ചർച്ച ചെയ്ത് ഏവരേയും അറിയിക്കുന്നതാണ്.

**ഓസ്സാനാം ബുള്ളറ്റിൻ**

കേരള റീജിയണൽ തലത്തിൽ കൂടുതൽ ആകർഷകമായ മാറ്റങ്ങളോടെ ഓസ്സാനാം ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുവാൻ തീരുമാനമായി. കോൺഫ്രൻസ് തലത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ, അനുഭവ സാക്ഷ്യങ്ങൾ, ഭവനസന്ദർശനവേളയിൽ വേറിട്ട അനുഭവങ്ങൾ എന്നിവ അയച്ചു കൊടുക്കുവാൻ എല്ലാ കോൺഫ്രൻസും ശ്രദ്ധിക്കുക.

**കമ്പ്യൂട്ടർ ഉത്ഘാടനം**

കാലത്തിനൊപ്പം നടന്നുനീങ്ങുന്നതിന്റെ ഭാഗമായി മാനന്തവാടി സിസിയിൽ പുതുതായി വാങ്ങിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ 'സ്വിച്ച് ഓൺ' കർമ്മം സിസി ആത്മീയോപദേഷ്ടാവ് റവ.ഫാ. ജോർജ്ജ് മേമന 18-8-2011 ന് സി.സി. ഓഫീസിൽ വച്ച് നടന്ന ചടങ്ങിൽ നിർവ്വഹിച്ചു. വിൻസെന്റ് ഡി പോൾ പ്രവർത്തനത്തിന് കൂടുതൽ വേഗതയും കൃത്യതയും വിശ്വാസ്യതയും നൽകുവാൻ ആധുനിക സാങ്കേതിക വിദ്യകൾക്ക് കഴിയട്ടെയെന്ന് മേമനയച്ചൻ ആശംസിച്ചു.

**പുതിയ കോൺഫ്രൻസ് രൂപീകരണം**

മാനന്തവാടി രൂപതയിലെ ബത്തേരി എ.സി.യുടെ കീഴിലുള്ള തമിഴ്നാട്ടിലെ പനംചിറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ സെന്റ് സെബാസ്റ്റ്യൻസ് വിൻസെന്റ് ഡി പോൾ എന്ന പേരിൽ പുതിയ കോൺഫ്രൻസ് രൂപീകരിക്കുകയുണ്ടായി. യോഗത്തിൽ ഇടവകവികാരി

ഫാ. ജോസഫ് പൊന്നമ്പൽ അദ്ധ്യക്ഷനായിരുന്നു. ഉത്ഘാടനപ്രസംഗത്തിൽ പനംചിറ ഹേലുള്ള എസ്റ്റേറ്റ് മേഖലയിൽ സംഘടനയ്ക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്ന് ഓർമ്മിപ്പിച്ചു. സി.സി. സെക്രട്ടറി അഗസ്റ്റിൻ കൊടിയംകുന്നേൽ കോൺഫ്രൻസ് ഉത്ഘാടന കർമ്മം നിർവ്വഹിച്ചു. ഭാരവാഹികൾ : പ്രസിഡന്റ് - സന്തോഷ് കൽപ്പുരയ്ക്കൽ, വൈസ്പ്രസിഡന്റ് - മനോജ് അടപ്പൂർപുത്തൻപുരയിൽ, സെക്രട്ടറി - റീത്താ തൊഴുത്തിങ്കൽ എന്നിവരെ തെരഞ്ഞെടുത്തു.

**അറിയിപ്പുകൾ**

1. സ്കോളർഷിപ്പ് അപേക്ഷ സെപ്റ്റംബർ 15 നുള്ളിൽ സി.സി. ഓഫീസിൽ എത്തിക്കുവാൻ എല്ലാ കോൺഫ്രൻസുകളും ശ്രദ്ധിക്കുക.

2. സംഘടനയുടെ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡിപോളിന്റെ തിരുനാൾ ഈ വർഷം സെപ്റ്റംബർ 24-ന് നടവയൽ ഓസാനാംഭവനിൽ വെച്ച് സി.സി. തലത്തിൽ ആചരിക്കുന്നതാണ്. അന്നേദിവസം രാവിലെ 11.30 ന് ഓസ്സാനാഭവനിൽ വെച്ച് വിശുദ്ധ കുർബാനയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. മുഴുവൻ എ.സി. പ്രസിഡന്റുമാരും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

3. സെപ്റ്റംബർ മാസത്തെ സി.സി. യോഗം 24-ന് (ശനിയാഴ്ച) രാവിലെ 10 ന് നടവയൽ ഓസ്സാനാംഭവനിൽ വെച്ച് നടക്കുന്നതാണ്. ബോർഡംഗങ്ങൾ, എ.സി. പ്രസിഡന്റുമാർ പങ്കെടുക്കണ്ണെന്നഭ്യർത്ഥിക്കുന്നു.

4. ഒക്ടോബർ 8 ന് എറണാകുളത്തുവെച്ച് നടക്കുന്ന വനിതാ പ്രതിനിധി, യുവജന പ്രതിനിധി യോഗത്തിൽ 2 വീതം പ്രതിനിധികൾ പങ്കെടുക്കേണ്ടതാണ്. ഭാരവാഹികളിൽ പോകാൻ താല്പര്യമുള്ളവർ സി.സി.ഓഫീസിൽ വിവരമറിയിക്കുക.

**ഓസ്സാനഭവൻ സന്ദർശനം**

**തരിയോട് AC**

(1) വിമല മഞ്ഞൂറ (വനിത) 15-9-2011, (2) സെന്റ് തെരേസ തരിയോട് (വ) 17-9-11, (3) സെന്റ് തോമസ് തരിയോട് (Youth) 19-9-11, (4) സെന്റ് ജോർജ് കോട്ടത്തറ 21-9-11.

**തോണിച്ചാൽ AC**

(5) ലിറ്റിൽ ഫ്ളവർ ചെറുകാട്ടൂർ (വ) 23-9-11, (6) സെന്റ് അൽഫോൻസ ദ്വാരക (പു) 26-9-11, (7) സെന്റ് തെരേസ കൊമ്മയാട് (വ) 28-9-11

**വാഴവറ്റ AC**

(8) സെന്റ് ജോസഫ് ബാലേശുഗിരി (പു) 1-10-11, (9) സെന്റ് ജോർജ്ജ് കൊളവയൽ (പു) 4-10-11, (10) സെന്റ് ഫ്രാൻസീസ് അസ്സീസി മീനങ്ങാടി (വ) 7-10-11, (11) സെന്റ് ജോസഫ് തെനേരി (വ) - 10-10-11, (12) സെന്റ് മേരി തെനേരി (പു) - 12-10-11.

2011 ആഗസ്റ്റ് മുതൽ 2012 ആഗസ്റ്റ് വരെ സഭ പ്രേഷിതവർഷമായി ആചരിക്കുകയാണല്ലോ. പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സൊസൈറ്റി പ്രവർത്തകരെല്ലാം ഈ വർഷത്തിൽ പരസ്നേഹാനുഭവ ധ്യാനങ്ങളിൽ പങ്കെടുത്ത് സ്വയം നവീകരിച്ച് മിശിഹായിൽ നല്ല പ്രേഷിതരായി പ്രവർത്തിക്കുവാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നാശംസിക്കുന്നു.

സ്നേഹപൂർവ്വം,

**ബ്രദർ എം.സി. തോമസ് മാങ്ങൻ**

സി.സി. പ്രസിഡന്റ്



# ജയിൽ മിനിസ്ട്രി

2011 ജൂലൈ മാസത്തെ ജയിൽ സന്ദർശനത്തിന് 17–ാം തീയതി വൈത്തിരി സബ്ജയിലിൽ വന്നത് ഒലിവുമല സെന്റ് തോമസ് ശാഖ മിഷൻലീഗ് അംഗങ്ങളാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻ ഫാ. റോണി തോട്ടത്തിൽ, സി. ജാൻസി SH, മതാദ്ധ്യാപകർ, മിഷൻലീഗ് ഭാരവാഹികൾ ഇവരുടെ നേതൃത്വത്തിലാണ് മിഷൻലീഗ് അംഗങ്ങൾ ജയിൽ സന്ദർശനത്തിന് വന്നത്. കലയെ ജീവിതത്തിന്റെ ഭാഗമെന്നോണം തോളിലേറ്റിയ ഒലിവുമല മിഷൻലീഗ് അംഗങ്ങൾ കലാസദ്യ കാഴ്ച വെച്ച് ജയിൽസന്ദർശനം മികവുറ്റതാക്കി മാറ്റി. തടവറ മക്കളുമായുള്ള കൂടിക്കാഴ്ചയും സംഭാഷണവും അവരുമായുള്ള ആത്മബന്ധം ദൃഢകരമാക്കാൻ പര്യാപ്തമായിരുന്നു. ഒലിവുമല ഭവനങ്ങളിൽ തയ്യാറാക്കിയ പലഹാരങ്ങൾ തടവറമക്കൾക്ക് അവർ വിതരണം ചെയ്തു. വൈത്തിരി എസ്.എച്ച്. സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം തദവസരത്തിൽ ശ്രദ്ധേയമായി. ബഹു. റോണി അച്ചനും ടീമിനും മാനന്തവാടി രൂപതാ ജീസ്സസ് ഫ്രറ്റേണിറ്റിയുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**ഫാ. ബിനു പൈനുങ്കൽ**

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**റിസോഴ്സ് ടീം ട്രെയിനിംഗ്**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ വിവിധ സംഘടനാ നേതാക്കൾക്കും രൂപതാ ടീം അംഗങ്ങൾക്കുമായി അർദ്ധദിന റിസോഴ്സ് ടീം പരിശീലനം നൽകി. ലഹരി വിരുദ്ധ സെമിനാറുകൾക്ക് സംഘടനാതലത്തിൽ നേതൃത്വം നൽകുന്നതിനുവേണ്ടിയാണ് പരിശീലനം സംഘടിപ്പിച്ചത്. മിഷൻലീഗ്, കെ.സി.വൈ.എം., WSSS, രൂപതാ കോർപ്പറേറ്റ് ഏജൻസി, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി എന്നിവയിലെ പ്രതിനിധികൾ ട്രെയിനിംഗിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുക്കുന്നേൽ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**നിവേദനം നൽകി**

ഗവൺമെന്റിന്റെ ജനവിരുദ്ധ മദ്യനയം തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള മുഖ്യമന്ത്രി, എക്സൈസ് മന്ത്രി, യുവജനക്ഷേമകാര്യ മന്ത്രി, വയനാട്ടിലെ എം.എൽ.എ. മാർ, ജില്ലാ കളക്ടർ, ജില്ലാ എക്സൈസ് കമ്മീഷണർ എന്നിവർക്ക് സമിതിയുടെ നേതൃതത്തിൽ നിവേദനം നൽകി.

കെ.സി.വൈ.എം., മിഷൻലീഗ് എന്നീ സംഘടനകളും ഈ ആവശ്യം ഉന്നയിച്ച് നിവേദനങ്ങൾ നൽകി.

**തലപ്പുഴ യു.പി. യിൽ മോചന 2011**

തലപ്പുഴ ഗവൺമെന്റ് യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ സെമിനാർ നടത്തി. സ്കൂൾ ഹെഡ്മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ശ്രീ. തോമസ് സാർ, ജോയി സാർ, മറ്റ് അദ്ധ്യാപകർ എന്നിവർ

നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു.

### വാകേരി ഹയർ സെക്കണ്ടറി സ്കൂൾ

ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി അർദ്ധദിന ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി നടത്തി. സ്കൂൾ പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്തു. റോയി സാർ, ഉണ്ണികൃഷ്ണൻ സാർ, മറ്റ് അദ്ധ്യാപകർ എന്നിവർ നേതൃത്വം നൽകി. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സെമിനാർ നടത്തി.

### സ്കൂൾ ലഹരി വിരുദ്ധ ക്ലബുകൾ

വർദ്ധിച്ചുവരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിദ്യാർത്ഥികളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾക്ക് രൂപം നൽകുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

## I. പീപ്പിൾസ് ഓർഗനൈസേഷൻ

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും കേന്ദ്ര കരകൗശല വികസന കോർപ്പറേഷന്റെയും സംയുക്താഭിമുഖ്യത്തിൽ കരകൗശല വിദഗ്ദർക്കായി ജൂലൈ 8–ാം തീയതി പ്രായോഗിക പരീക്ഷ നടത്തി. കേന്ദ്ര കരകൗശല വികസന കോർപ്പറേഷൻ വിദഗ്ദ കര കൗശല തൊഴിലാളികൾക്ക് നൽകുന്ന ആർട്ടിസാൻ ക്രെഡിറ്റ് കാർഡ്, ജനറൽ ഇൻഷ്യൂറൻസ്, മെഡിക്കൽ ഇൻഷ്യൂറൻസ്, ക്ഷേമനിധി അംഗത്വം എന്നിവ ലഭിക്കുന്നതിനായാണ് പ്രായോഗിക പരീക്ഷ നട ത്തിയത്. WSSS ന്റെ ഗുണഭോക്താക്കളായ 42 പേർ പ്രായോഗിക പരീ ക്ഷയിൽ പങ്കെടുക്കുകയും, മുഴുവൻ പേരും വിജയിക്കുകയും ചെയ്തു. തൃശൂർ കരകൗശല വികസന കോർപ്പറേഷൻ റീജണൽ ഓഫീസിലെ ജോയിന്റ് ഡയറക്ടർ ശ്രീ. വേണുഗോപാൽ WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ശ്രീമതി മോളി കരിമ്പനാക്കുഴിയിൽ, ശ്രീ. കെ.ഒ. ജോയി എന്നിവർ പരീക്ഷയ്ക്ക് നേതൃത്വം നൽകി.

### ഫൊറോന ഡയറക്ടർമാരുടെ മീറ്റിംഗ്

സോഷ്യൽ സർവ്വീസിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ വ്യാപ്തിയും ലക്ഷ്യബോധവും നൽകുന്നതിനായി ഫൊറോനാതല സോഷ്യൽ സർവ്വീസ് ഡയറക്ടർമാരുടെ മീറ്റിംഗ് ജൂലൈ 13–ാം തീയതി WSSS ൽ വച്ച് നടത്തി. ബഹു. മോൺ. മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. കേരള ലേബർമൂവ്മെന്റിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുകയും, KLM ലൂടെ നടപ്പിലാക്കുന്ന 'സുരക്ഷ' പദ്ധതിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. വിവിധ ഫൊറോനകളെ പ്രതിനിധീകരിച്ച് 9 വൈദീകർ യോഗത്തിൽ പങ്കെടുത്തു. WSSS ജോയിന്റ് ഡയറക്ടർ

റവ.ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ സ്വാഗതവും, WSSS ഡയറക്ടർ റവ.ഫാ. ജോൺ ചൂരപ്പുഴയിൽ നന്ദിയും അർപ്പിച്ചു.

**II. പാരമ്പര്യേതര ഊർജ്ജസംരക്ഷണം**

കേളകം, നെല്ലിയോടി, പയ്യംപള്ളി, അയിലമൂല, തവിഞ്ഞാൽ, സുരഭിക്കവല, അയനിക്കൽ, ചെറുകാട്ടൂർ, മരക്കടവ്, ചുണ്ടക്കര എന്നീ സ്ഥലങ്ങളിലായി ജൂലൈ മാസം 10 ബയോഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും, 6 പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. പയ്യംപള്ളി, മുതിരേരി, പാണ്ടിക്കടവ് എന്നിവിടങ്ങളിൽ മൂന്ന് ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**III. സേവ് എ ഫാമിലി പദ്ധതി**

നിലമ്പൂർ മേഖലയിൽ ഏഴ് സെന്ററുകളിലായി (മണിമൂളി, നരിവാലമുണ്ട, മരുത, തേൾപ്പാറ, മുട്ടിയേൽ, പൂളപ്പാടം, റ്റി.കെ കോളനി) 16 കുടുംബങ്ങൾ സന്ദർശിക്കുകയും, അടിസ്ഥാന വിവര ശേഖരണം നടത്തുകയും ചെയ്തു. അതോടൊപ്പംതന്നെ ഗുണഭോക്താക്കളുടെ വാർഷികപദ്ധതി ആസൂത്രണം നടത്തുകയും ചെയ്തു. എല്ലാ ഗുണഭോക്താക്കളും സഹായതുക വേണ്ട വിധത്തിൽ വിനിയോഗിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

സാമ്പത്തിക തുകയോടൊപ്പം വിവിധ വരുമാനവർദ്ധക പദ്ധതികളിലൂടെ സാമ്പത്തിക ഭദ്രത കൈവരിച്ച 24 കുടുംബങ്ങളുടെ പുരോഗമന റിപ്പോർട്ട് തയ്യാറാക്കി SAFP ക്ക് അയക്കുകയും ചെയ്തു.

**IV. ഫാം വയനാട് പദ്ധതി**

ഫാം വയനാട് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലെ രണ്ടാംവർഷം പ്രവർത്തനങ്ങൾ WSSS ന്റെ മേൽനോട്ടത്തിൽ മാനന്തവാടി, തിരുനെല്ലി, എടവക, പടിഞ്ഞാറത്തറ, തരിയോട്, കോട്ടത്തറ ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 600 കർഷകരിലൂടെ കാര്യക്ഷമമായി നടന്നു വരുന്നു.

**ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങൾ**

**സാന്ത്വന സൗഹൃദ കൗൺസിലിംഗ്**

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന സാന്ത്വന സൗഹൃദ കൗൺസിലിംഗിലൂടെ വിവിധ ജീവിത പ്രതിസന്ധിയിലൂടെ കടന്നുപോയ 29 വ്യക്തികൾക്ക് സാന്ത്വനം നൽകാൻ സാധിച്ചു.

**പദ്ധതി വിശകലന മീറ്റിംഗ്**

ഫാം വയനാട് പദ്ധതിയുടെ ജൂലൈ മാസത്തെ വിശകലന

മീറ്റിംഗ് ജൂലൈ 28–ാം തീയതി കൽപ്പറ്റ ഫാം വയനാട് കോർഡിനേറ്റിംഗ് ഓഫീസിൽ വച്ച് നടത്തി. WSSS ഫാം പദ്ധതി കമ്മ്യൂണിറ്റി ഫസിലി റ്റേഴ്സ് ആയ ശ്രീമതി ഷീല വി.ജെ, ശ്രീമതി അന്നമ്മ സെബാസ്റ്റ്യൻ, ശ്രീമതി ബീന ജയരാജ് എന്നിവർ സംബന്ധിച്ചു.

### മറ്റ് പദ്ധതി പ്രവർത്തനങ്ങൾ

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ബത്തേരി ശ്രേയസിൽ വച്ച് ജൂലൈ 16–ാം തീയതി നടത്തിയ കൃഷിസ്ഥലത്തെ രാസവള പ്രയോഗത്തിന് ബദൽ സംവിധാനങ്ങൾ എന്ന ഏകദിന സെമിനാറിൽ WSSS ഫാം പദ്ധതി പ്രവർത്തകരും, ഫാം പദ്ധതി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികളും പങ്കെടുത്തു.

ഫാം വയനാട് പദ്ധതിയുടെ ഭാഗമായി ജൂലൈ മാസത്തിൽ 204 ഗുണഭോക്താക്കളുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂലൈ മാസത്തിൽ 16 കർഷക ഗ്രൂപ്പുകളുടെ മീറ്റിംഗുകൾ നടത്തി. 15 വരുമാന വർദ്ധക പദ്ധതികളുടെ പുരോഗതി വിലയിരുത്തി. 138 കർഷകർക്ക് ജൈവ കുരുമുളക് പ്രോത്സാഹനത്തിനായ് SHM നൽകുന്ന സബ്സിഡി ലഭ്യമാക്കിക്കൊ ടുത്തു.

### V. ജൈവകൃഷി സാക്ഷ്യതാപത്ര പദ്ധതി

ജൂലൈ മാസത്തിൽ ജൈവകൃഷി സാക്ഷ്യതാപത്ര പദ്ധതി യുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ.

- 43 ജൈവകർഷക ഗ്രൂപ്പുകളുടെ യോഗങ്ങൾ നടത്തി.
- ജൈവകർഷക സംഘങ്ങളുടെ നേതൃത്വത്തിൽ 23 ക്രെഡിറ്റ് യൂണി യനുകൾ പുതുതായി ആരംഭിച്ചു.
- കൃഷിയിടങ്ങളിൽ നടത്തിവന്നിരുന്ന ആന്തരിക പരിശോധനാ നട പടികൾ പൂർത്തീകരിച്ചു.
- ജൈവകൃഷി സാക്ഷ്യതാപത്ര പദ്ധതിയിലെ ഫീൽഡ് ഓഫീ സർമാർ 581 കൃഷിയിടങ്ങൾ സന്ദർശിച്ചു.
- 50 ജൈവകർഷകർക്ക് പുതുതായി പദ്ധതിയിലേക്ക് അംഗത്വം നൽകി.
- 733 ജൈവകർഷകർക്ക് കൃഷിഭവനിലൂടെ നൽകുന്ന ജൈവവാഴ കൃഷിക്കായുള്ള സബ്സിഡി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി നൽകി.

### VI. ആക്ഷൻ റിസർച്ച്

കാരിത്താസ് ഇന്ത്യയുടെ സുവർണ്ണജൂബിലിയുടെ ഭാഗമായി

പനമരം ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്ന ആക്ഷൻ റിസർച്ച് 7 മാസം പൂർത്തിയാക്കി. 2315 ആദിവാസി വീടുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 23 വാർഡുകളിൽ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആദിവാസികൾ ജോലിക്കുവേണ്ടി കുടിയേറ്റം നടത്തിയ 6, 7, 8, 9 വാർഡുകൾ തുടർ പഠനത്തിനായി തിരഞ്ഞെടുത്തു. 4 വാർഡുകളിലെയും വാർഡുതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഫീൽഡ് ഓർഗനൈസർമാരെയും ചുമതലപ്പെടുത്തി. 4 വാർഡുകളിൽ നിന്നും കുടിയേറ്റം നടത്തിയ ആദിവാസികൾ ഏറ്റവും അധികം താമസിക്കുന്ന ശരാശരി 50 വീടുകൾ വീതം ഉൾപ്പെടുന്ന 4 കോളനികളിലാണ് തുടർപ്രവർത്തനം നടക്കുന്നത്. ഇതിൽ 6, 7, 8 വാർഡുകളിൽ കമ്മ്യൂണിറ്റി ആക്ഷൻ റിസർച്ച് ടീം രൂപീകരിക്കുകയും, യോഗം ചേരുകയും ചെയ്തു. തുടർന്ന് കർണ്ണാടകയിലെ H.D. കോട്ടക്കടുത്ത് ഗദ്ദിക പഞ്ചായത്തിലെ കൊടശിക എന്ന സ്ഥലത്ത് പോയി തൊഴിലിന് വേണ്ടി താൽക്കാലികമായി കുടിയേറിയ ആദിവാസികളെ കണ്ട് സാഹചര്യങ്ങൾ പഠിച്ചു. അതോടൊപ്പം തൊഴിൽ നൽകുന്ന ഇഞ്ചി കർഷകരുമായും ഗവേഷണ വിഷയം ചർച്ച ചെയ്തു.

## VII. കേരളാ ലേബർ മൂവ്മെന്റ് (KLM)

കെ.സി.ബി.സി. ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന കേരളാ ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു. നിർമ്മാണതൊഴിലാളി, തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി, തുടങ്ങിയ ക്ഷേമനിധികളാണ് KLM മുഖാന്തിരം നടപ്പിലാക്കി വരുന്നത്. ജൂലൈ മാസത്തിൽ 40 പേർക്ക് കേരളാ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി അംഗത്വകാർഡ് വിതരണം ചെയ്തു.

SWS കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് വേണ്ടി 20-7-2011 ന് WSSS ഓഡിറ്റോറിയത്തിൽവച്ച് നടത്തിയ ബോധവൽക്കരണ സെമിനാർ കെ.എൽ.എം. കോർഡിനേറ്റർ ശ്രീമതി മിനി ഉണ്ണികൃഷ്ണൻ നയിച്ചു. 55 കമ്മ്യൂണിറ്റി ഓർഗനൈസർമാർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

## VIII. സമഗ്ര ആദിവാസി വികസന പദ്ധതി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി വളരെ നല്ല രീതിയിൽ പുരോഗമിക്കുന്നു. പദ്ധതിയിൽ പങ്കാളികളായ 203 കുടുംബങ്ങൾക്കും പണി ആയുധങ്ങൾ വിതരണം ചെയ്തു. മൺകയ്യാലകളുടെ നിർമ്മാണം, കല്ലുകയ്യാലകളുടെ നിർമ്മാണം, കാപ്പിതൈനടീൽ, ജൈവ

വേലിനിർമ്മാണം, കുരുമുളക് തൈകൾ വെച്ച് പിടിപ്പിക്കൽ, സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം, ILG കളുടെ രൂപീകരണം തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

**സന്ദർശിച്ചു**

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി വിലയിരുത്തുന്നതിന് നബാർഡിന്റെ സ്റ്റേറ്റ് ഓഫീസിൽനിന്നും ശ്രീ. മഹേശ്വർ സന്ദർശനം നടത്തി. WSSS ന്റെ പ്രവർത്തനങ്ങളിൽ അദ്ദേഹം സംതൃപ്തി രേഖപ്പെടുത്തി.

**IX. നബാർഡ് നീർത്തട വികസനപദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മുഴുവൻ ഗുണഭോക്താക്കൾക്കും നടീൽ വസ്തുക്കൾ വിതരണം ചെയ്തു. DXT തെങ്ങ്, കുറ്റ്യാടി തെങ്ങ്, മാവ്, സപ്പോട്ട, ചെറുനാരകം, മുസാമ്പി, ആര്യവേപ്പ് തുടങ്ങിയവയുടെ അത്യുത്പാദന ശേഷിയുള്ള തൈകളാണ് വിതരണം ചെയ്തത്.

**പങ്കെടുത്തു**

നബാർഡ് മഹാരാഷ്ട്രയിലെ WOTR എന്ന ഏജൻസിയിൽ വെച്ച് നടത്തിയ 'നീർത്തട വികസന ശില്പശാലയിൽ' വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ജനറൽ കോ-ഓർഡിനേറ്റർ, ജോസ് പി.എ. പങ്കെടുത്തു. പരിശീലനത്തോടൊപ്പം 'റെലഗൻസിഡി'യിലേക്ക് നടത്തിയ പഠനയാത്രയിൽ പങ്കെടുക്കുകയും അന്നാഹസാരെയുമായി സംവദിക്കുകയും ചെയ്തു.

**ഫാ. ജോൺ ചൂരപ്പുഴയിൽ,**
WSSS ഡയറക്ടർ

## റേഡിയോ മാറ്റൊലി 90.4 mhz

**1. റേഡിയോ മാറ്റൊലി മീഡിയാ ലിസ്റ്റിൽ**

സംസ്ഥാന സർക്കാരിന്റെ മീഡിയ ലിസ്റ്റിൽ റേഡിയോ മാറ്റൊലി ഇടം നേടി. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ പരസ്യങ്ങൾ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു തുടങ്ങി.

**2. തത്സമയ ഫോൺ ഇൻ പരിപാടി**

സ്വാതന്ത്ര്യദിനത്തിൽ റേഡിയോ മാറ്റൊലി സംഘടിപ്പിച്ച തത്സമയ ഫോൺ ഇൻ പരിപാടിയിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.എൽ. പൗലോസ് പങ്കെടുത്തു. ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തന മേഖലകൾ, വയനാടിന്റെ വികസന പ്രശ്നങ്ങൾ, ജനങ്ങളുടെ പൊതുപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ജനങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഫോണിലൂടെ തത്സമയം മറുപടി നൽകി.

**3. ദേശഭക്തിഗാന മത്സരം**

റേഡിയോ മാറ്റൊലി സ്കൂൾ ക്ലബ് പരിപാടിയായ 'മഴവില്ല്' സ്കൂൾ വിദ്യാർത്ഥികൾക്കായി ആകർഷകമായ സമ്മാനങ്ങളോടെ മത്സര പരിപാടികൾക്ക് അരങ്ങൊരുക്കുന്നു. ആഗസ്റ്റ് മാസം 27-ന് രാവിലെ 9.30 മുതൽ ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് ദേശഭക്തിഗാന മത്സരം നടത്തുന്നു. എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി മത്സരങ്ങൾ ഉണ്ടായിരിക്കും. കൂടാതെ, ഈ അധ്യയന വർഷം സെപ്തംബറിൽ ഗുരുശിഷ്യ ബന്ധത്തെ അടിസ്ഥാനമാക്കി റേഡിയോ സ്കിറ്റ് മത്സരം, ഒക്ടോബറിൽ ഗാന്ധിക്വിസ്, നവംബറിൽ മലയാള നാടിനും ഭാഷയ്ക്കും പ്രാധാന്യം നൽകുന്ന കവിതാലാപന മത്സരം, ഡിസംബറിൽ മത

മൈത്രിയെ അടിസ്ഥാനമാക്കി പ്രസംഗമത്സരം എന്നിവയും ജനുവരി യിൽ വർണാഭമായ സ്റ്റേജ് ഷോയും വിദ്യാർത്ഥികൾക്കായി ഒരുക്കുന്നു. മത്സര പരിപാടികളുടെ നിബന്ധനകളും നിർദ്ദേശങ്ങളും മാറ്റൊലി ഓഫീ സിൽ നിന്നും അറിയാവുന്നതാണ്.

**4. www.radiomattoli.com പുതിയ രൂപത്തിൽ പുതിയ ഭാവ ത്തിൽ**

റേഡിയോ മാറ്റൊലിയുടെ വെബ്സൈറ്റായ www.radiomattoli.com ന്റെ പരിഷ്കരിച്ച പതിപ്പ് പ്രവർത്തന സജ്ജമായിരിക്കുന്നു. ലോക ത്തിലെവിടെയും റേഡിയോ മാറ്റൊലിയുടെ പരിപാടികൾ ഈ സൈറ്റി ലൂടെ തത്സമയം ശ്രവിക്കാനാവും. സന്ദർശകർക്ക് റേഡിയോ മാറ്റൊ ലിയിലേക്ക് നിർദ്ദേശങ്ങൾ അയയ്ക്കാനുള്ള സൗകര്യവും സൈറ്റിൽ ലഭ്യമാണ്.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# മീഡിയാ കമ്മീഷൻ

**ഓഡിയോ - വീഡിയോ സ്റ്റുഡിയോ**

മീഡിയാ കമ്മീഷനുവേണ്ടിയുള്ള ഒരു റെക്കോഡിംഗ് സ്റ്റുഡിയോ റേഡിയോ മാറ്റൊലിയോടു ചേർന്ന് സജ്ജമായിക്കൊണ്ടിരിക്കുന്നു. ഓഡിയോ റെക്കോഡിംഗിനും ഓഡിയോ-വീഡിയോ എഡിറ്റിംഗിനും ഇവിടെ സൗകര്യമുണ്ടായിരിക്കും. ഒക്ടോബർ മാസത്തിൽ സ്റ്റുഡിയോ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഡിജിറ്റൽ വീടിയോ ക്യാമറ**

മീഡിയാ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഒരു ഡിജിറ്റൽ വീഡിയോ ക്യാമറ ലഭ്യമായിട്ടുണ്ട്. രൂപതയുടെ പൊതുപരിപാടികളും മറ്റ് പ്രധാന പരിപാടികളും ഇനിമുതൽ റെക്കോഡ് ചെയ്യാവുന്നതാണ്.

**മീഡിയാ കമ്മീഷൻ ഫൊറോനാ പ്രതിനിധികൾ**

മീഡിയാ കമ്മീഷൻ പ്രതിനിധികളായി ഫൊറോനകളിൽനിന്ന് ബഹു. വൈദികരെ തിരഞ്ഞെടുക്കുന്ന കാര്യം മുൻപ് ആവശ്യപ്പെട്ടിരുന്നു. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| റവ.ഫാ. അഗസ്റ്റ്യൻ പുത്തൻപുര | - | മുള്ളൻകൊല്ലി |
| റവ.ഫാ. ബിജു തുരുത്തേൽ | - | പയ്യംമ്പള്ളി |
| റവ.ഫാ. ബിജു ഉറുമ്പിൽ | - | നിലമ്പൂർ |
| റവ.ഫാ. ബാബു മാപ്ലശേരി | - | തരിയോട് |
| റവ.ഫാ. ബിനു പൈനുങ്കൽ | - | കൽപ്പറ്റ |
| റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ | - | കല്ലോടി |
| റവ.ഫാ. പോൾ ഇടയക്കൊണ്ടാട്ട് | - | മാനന്തവാടി |
| റവ.ഫാ. സോമി വടയാപറമ്പിൽ | - | ചുങ്കക്കുന്ന് |
| റവ.ഫാ. ജോഷി പുൽപ്പയിൽ | - | നടവയൽ |

ഇനിയും ഏതാനും ഫൊറോനകളിൽനിന്ന് പ്രതിനിധികളെ തിരഞ്ഞെടുക്കാനുണ്ട്. സ്ഥലംമാറ്റത്തെ തുടർന്ന് പ്രതിനിധികൾ മാറിയിട്ടുണ്ടെങ്കിൽ പുതിയ ആളെ തെരഞ്ഞെടുത്ത് വിവരം അറിയിക്കാൻ ബഹു. ഫൊറോനാ വികാരിമാർ ശ്രദ്ധിക്കുമല്ലോ.

**കരോൾഗാന മത്സരം**

കഴിഞ്ഞ വർഷം നടത്തിയതുപോലെ തന്നെ ഈ വർഷവും "ഗ്ലോറിയ" എന്ന പേരിൽ ഇടവകാംഗങ്ങൾക്കുവേണ്ടി കരോൾ ഗാന മത്സരം നടത്തുന്നതായിരിക്കും. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ഇക്കാര്യം ഇടവകയിൽ അറിയിച്ച് ഇടവകയിൽനിന്നും ഒരു ടീമിനെയെങ്കിലും സജ്ജമാക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കുമല്ലോ. കൂടുതൽ ടീമുകൾ ഉണ്ടെങ്കിൽ ആദ്യ റൗണ്ട് മത്സരം റീജിയൺ അടിസ്ഥാനത്തിലോ ഫൊറോന അടിസ്ഥാനത്തിലോ നടത്താവുന്നതാണ്.

**CBCI കമ്മ്യൂണിറ്റി റേഡിയോ ഡയറക്ടേഴ്സ് മീറ്റിംഗ്**

CBCI യുടെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഡയറക്ടർമാരുടെ ഒരു യോഗം ജൂലൈ 30-ന് പി.ഒ.സി. യിൽ വച്ച് നടന്നു. പ്രസ്തുത യോഗത്തിൽ മാറ്റൊലി ഡയറക്ടർ റവ.ഫാ. തോമസ് ജോസഫ് തേരകം പങ്കെടുത്തു. മറ്റു രൂപതകളിലും കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകൾ തുടങ്ങുന്നതിന് CBCI 'നാഷണൽ ടാസ്ക്ഫോഴ്സ്' രൂപീകരിച്ചു. യോഗത്തിൽ പങ്കെടുത്ത റേഡിയോ സ്റ്റേഷനുകൾ.

- ഹോളിക്രോസ് കമ്മ്യൂണിറ്റി റേഡിയോ ട്രിച്ചി.
- സാരംഗ് കമ്മ്യൂണിറ്റി റേഡിയോ മാംഗ്ളൂർ.
- മാക്ഫാസ്റ്റ് കമ്മ്യൂണിറ്റി റേഡിയോ തിരുവല്ല.
- ബെൻസിഹർ കമ്മ്യൂണിറ്റി റേഡിയോ കൊല്ലം.
- മാറ്റൊലി കമ്മ്യൂണിറ്റി റേഡിയോ ദ്വാരക.

**ഫാ. ജെയ്സ് ബേബി ചെട്ടിയാശ്ശേരി**
വൈസ് ചെയർമാൻ, മീഡിയാ കമ്മീഷൻ



# അറിയിപ്പുകൾ

## വി. കുർബാന ഗീതങ്ങൾ

പാലാ കമ്മ്യൂണിക്കേഷൻസ് അവതരിപ്പിക്കുന്ന സീറോ മലബാർ സഭയുടെ വി.കുർബാന ഗീതങ്ങൾ (റാസക്രമം) പുതിയ ഈണത്തിൽ. (സീറോ മലബാർ സിനഡിന്റെ അംഗീകാരം ഉള്ളത്)

സംഗീതം, ഓർക്കസ്ട്രേഷൻ ജർസൻ ആന്റണി

- ലളിതമായ ഈണങ്ങൾ
- കാർമ്മികർക്ക് എളുപ്പം പാടാവുന്നത്
- സമൂഹഗാനാലാപനത്തിനു യോജിച്ചത്
- ബഹളമയമല്ലാത്ത ഓർക്കസ്ട്രേഷൻ
- നീളം കുറഞ്ഞ Back ground Music

വില 80/- രൂപ

C.D. എല്ലാ രൂപതാ ബുക്ക് സ്റ്റാളുകളിലും ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്
പാലാ കമ്മ്യൂണിക്കേഷൻസ്
ഷലോം പാസ്റ്ററൽ സെന്റർ പാലാ 686575
Ph: 04822210812, 9048306071




# Programme

## PASTORAL CENTRE, DWARAKA

### *September - 2011*

| | |
|---|---|
| *02 F* | - *Zion CRC: Night Vigil* |
| *03 S* | - *Zion CRC: Prayer Day, Christeen Prayer Day* |
| *04 S* | - *KCYM: Secretariat/Syndicate* |
| *04 S - 07 W* | - *Marriage Preparation Course* |
| *06 T* | - *Marian Singles* |
| *07 W - 08 T* | - *KCYM: Youth Assembly* |
| *09 F* | - *Onam* |
| *10 S* | - *Pastoral Council; Jesus Youth: Prayer Day; CML Executive* |
| *13 T* | - *CMA Executive* |
| *18 S - 23 F* | - *Priests Retreat* |
| *25 S - 30 F* | - *Priests Retreat* |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## *September 2011*

| | | |
|---|---|---|
| *1 Thu* | ............ | *Kunnoth : Seminary Commission* |
| *2 Fri* | ............... | *Out of station* |
| *3 Sat* | ................ | *Mary Matha College : International Workshop on Mathematics* |
| *4 Sun* | ................ | *Chulliode : Pastoral Visit* |
| *5 Mon* | ............... | *Visitors' Day* |
| *6 Tue* | ................ | *Engaged* |
| *7 Wed* | ............. | *Visitors' Day* |
| *9 Fri* | .............. | *Out of Station* |
| *10 Sat* | ................ | *Dwaraka: MST Fathers'* 'Kadukumani' *Programme* |
| *11 Sun* | .............. | *Kottathara : Pastoral Visit* |
| *12 Mon* | .............. | *Visitors' Day* |
| *13 Tue* | .............. | *Nedumpala : Blessing of Presbytery* |
| *14 Wed* | .............. | *Visitors Day* |
| *15 Thu* | .............. | *Thariode : Blessing of New School building* |
| *16 Fri* | .............. | *Out of Station* |
| *17 Sat* | .............. | *Engaged* |

| | |
|---|---|
| *18 Sun .............* | *Mothakkara : Pastoral Visit* |
| *19 Mon 23 Fri ..* | *Retreat for Priests* |
| *24 Sat ...............* | *Engaged* |
| *25 Sun ..............* | *Thrissilery : Pastoral Visit* |
| *26 Mon 30 Fri ...* | *Retreat for Priests* |

## *October 2011*

| | |
|---|---|
| *1 Sat 4 Tue .....* | *Chennai : CBCI Labour Commission Meeting* |
| *5 Wed ............* | *Engaged* |
| *6 Thu 13 Thu...* | *Out of Station* |
| *15 Sat ...............* | *Engaged* |
| *16 Sun 21 Fri ....* | *Pune* |
| *23 Sun ..............* | *Pastoral Visit* |
| *24 Mon .............* | *Visitors' Day* |
| *25 Tue .............* | *Engaged* |
| *26 Wed Morning* | *Dwaraka : CML State Council & Anniversary* |
| *Afternoon* | *Thalapuzha : Blessing of MSMI Convent* |
| *27 Thu .............* | *Engaged* |
| *28 Fri .............* | *Out of Station* |
| *29 Sat .............* | *Dwaraka : SH Provincial House, Blessing of New Block* |
| *30 Sun .............* | *Pastoral Visit* |
| *31 Mon .............* | *Visitors' Day* |